POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം
2

വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

ലക്കം
49

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2017 ഡിസംബർ 07/ഹി:ശം:1396 ഫത്ഹ് 07/ഹി:ഖ: 1439 റബീഉൽഅവ്വൽ 18

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 03-11-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**തഖ്റുജുസ്സുദൂറു ഇലൽ ഖുബൂരി എന്ന പ്രവചനത്തിന്റെ ഉള്ളടക്കം അല്ലാഹുവിൽനിന്നുണ്ടായത്, പഞ്ചാബിലെ പ്രസിഡണ്ടുമാരായിരിക്കുന്ന മൗലവിമാർ ഈ ഇൽഹാമിനുശേഷം ഖബ്റുകളിലേക്ക് മാറ്റപ്പെടുമെന്നാണ്.**

**ഇതിനുശേഷം എല്ലാ മൗലവിമാരുടേയും ശേയ്ഖുൽമശായിഖ് ആയ മൗലവി നദീർ ഹുസയ്ൻ ദഹ്ലവി ഈ ലോകം വിട്ടുപോയി. അദ്ദേഹമായിരുന്നു ഏറ്റവുമാദ്യം എനിക്കെതിരിൽ ഫത്വ നല്കിയ ആൾ.**

**മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരി എന്നെ കാഫിറാക്കുന്നതിനുവേണ്ടി മക്ക മുഅള്ളമയിൽനിന്ന് കുഫ്ർ ഫത്വ വാങ്ങിച്ചു. അദ്ദേഹവും തന്റെ ഏകപക്ഷീയമായ മുബാഹലയ്ക്കുശേഷം മരിച്ചുപോയി.**

**ലുധിയാനയിലെ മുഫ്തിമാരായ മൗലവി മുഹമ്മദ്, മൗലവി അബ്ദുല്ലാഹ്, മൗലവി അബ്ദുൽ അസീസ് തുടങ്ങിയവർ എപ്പോഴും മുബാഹല രീതിയിൽ ലഅ്നത്തുല്ലാഹി അലൽ കാദിബീൻ ചൊല്ലിയിരുന്നു. അവരും ഈ ഇൽഹാമിനുശേഷം കഴിഞ്ഞുകടന്നുപോയി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 97**: ഈയൊരു പ്രവചനം അൽഹക്കം അൽബദ്ർ തുടങ്ങിയ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. *തഖ്റുജുസ്സുദൂറു ഇലൽ ഖുബൂരി* അല്ലാഹു ഇതിന്റെ അർഥം മനസ്സിലാക്കിത്തന്നത് ഇങ്ങനെയാണ്: പഞ്ചാബിലെ പ്രസിഡണ്ടുമാരായിരിക്കുന്ന മൗലവിമാർ- അവർ അവരവരുടെ സ്ഥലങ്ങളിൽ മുഫ്തിമാരായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്, അവർ കീഴിലുള്ള മൗലവിമാരുടെ ഉസ്താദുമാരും ശേയ്ഖുമാരുമാണ്- ഈ ഇൽഹാമിനുശേഷം ഖബ്റുകളിലേക്ക് മാറ്റപ്പെടുന്നതാണ്. ഇതിനുശേഷം എല്ലാ മൗലവിമാരുടേയും ശേയ്ഖുൽമശായിഖ് ആയ മൗലവി നദീർ ഹുസയ്ൻ ദഹ്ലവി ഈ ലോകം വിട്ടുപോയി. അദ്ദേഹമായിരുന്നു ഏറ്റവുമാദ്യം എനിക്കെതിരിൽ ഫത്വ നല്കിയ ആൾ. അദ്ദേഹം എനിക്കെതിരിൽ കുഫ്ർ ഫത്വ നല്കി. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ ഉസ്താദായിരുന്നു. അദ്ദേഹം മൗലവി അബൂസഈദ് മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ മതവിധിയുടെമേൽ ഈ വചനങ്ങൾ എന്നെക്കുറിച്ചെഴുതി: 'അത്തരം വ്യക്തി വഴിപിഴച്ചവനും വഴി പിഴപ്പിക്കുന്നവനും ഇസ്ലാമികവൃത്തത്തിൽനിന്ന് പുറത്തുമാണ്. അത്തരമാളുകളെ മുസ്ലിം ഖബ്ർസ്ഥാനങ്ങളിൽ മറയടക്കാതിരിക്കേണ്ടതാണ്.' അങ്ങനെ ഈ മൗലവി ഫത്വ നല്കി പഞ്ചാബ് മുഴുവൻ തീ കൊളുത്തി. ജനങ്ങൾ എത്രത്തോളം ഭയന്നുവെന്നാൽ, തങ്ങൾ ഇത്തരം ബന്ധങ്ങളിലൂടെപോലും കാഫിർ ആയിത്തീരുമോ എന്ന് വിചാരിച്ച് എനിക്ക് കൈ തരുന്നതിൽനിന്നുപോലും ജാഗരൂകരായി. പിന്നീട് മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരി എന്നെ കാഫിറാക്കുന്നതിനുവേണ്ടി മക്ക മുഅള്ളമയിൽനിന്ന് കുഫ്ർ ഫത്വ വാങ്ങിച്ചു. അദ്ദേഹവും തന്റെ ഏകപക്ഷീയമായ മുബാഹലയ്ക്കുശേഷം മരിച്ചുപോയി. മക്കക്കാർക്ക് ഇദ്ദേഹത്തിന്റെ മരണം അറിയാൻ കഴിഞ്ഞില്ല. തങ്ങളുടെ ഫത്വ തിരിച്ചുവാങ്ങാൻ! പിന്നീട് ലുധിയാനയിലെ മുഫ്തിമാരായ മൗലവി മുഹമ്മദ്, മൗലവി അബ്ദുല്ലാഹ്, മൗലവി അബ്ദുൽ അസീസ് തുടങ്ങിയവർ എപ്പോഴും മുബാഹല രീതിയിൽ ലഅ്നത്തുല്ലാഹി അലൽ കാദിബീൻ ചൊല്ലിയിരുന്നു. അവരും ഈ ഇൽഹാമിനുശേഷം കഴിഞ്ഞുകടന്നുപോയി. പിന്നീട് അമൃതസറിലെ മുഫ്തി മൗലവി റുസൽബാബയും കടന്നുപോയി. ഇപ്രകാരം പഞ്ചാബിലെ ധാരാളം മൗലവിമാരും ഇന്ത്യയിലെതന്നെ ചില മൗലവിമാരും ഈ ഇൽഹാമിനുശേഷം ഇഹലോകവാസം വെടിഞ്ഞു. ഇവരുടെയെല്ലാം പേരുകൾ ഇവിടെ എഴുതുകയാണെങ്കിൽ അതും ഒരു ചെറിയ പുസ്തകമായിത്തീരും. ഇവിടെ എഴുതിയതുതന്നെ ആ പ്രവചനത്തിന്റെ സത്യസാക്ഷ്യം പ്രകടിപ്പിക്കുന്നതിന് മതിയായതാണ്. ഇനി ഇതുകൊണ്ട് ആർക്കെങ്കിലും വയറു നിറയുന്നില്ലെങ്കിൽ സുദീർഘമായ ലിസ്റ്റ് നല്കാൻ നമുക്ക് സാധിക്കും.

**ദൃഷ്ടാന്തം 98**: കുറച്ചുവർഷമായി മദ്രാസിലെ വ്യാപാരിയായ സേട്ട് അബ്ദുർറഹ്മാൻ സാഹിബ് - അദ്ദേഹം ജമാഅത്തിലുള്ള ഒന്നാം നിരയിലെ മുഖ്ലിസായ അഹ്മദിയാണ്- ഖാദിയാനിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ വ്യാപാര കാര്യങ്ങളിൽ എന്തോ ഭിന്നിപ്പോ ബുദ്ധിമുട്ടോ ഉണ്ടായിരുന്നു. അദ്ദേഹം ദുആയ്ക്ക് അപേക്ഷിച്ചു. അപ്പോൾ ഈ ഇൽഹാമുണ്ടായി. അത് താഴെ രേഖപ്പെടുത്തുകയാണ്. "പൊട്ടിത്തകർന്നുപോയ ജോലികൾ ശരിയാക്കാൻ ശക്തനാണ് അല്ലാഹു; ഉണ്ടാക്കിയിട്ടുള്ളതെല്ലാം തച്ചുതകർക്കാനും. ആരും അവന്റെ രഹസ്യം പ്രാപിക്കുകയില്ല.' ഈ ഇൽഹാമിയായ വാക്യത്തിന്റെ ഉദ്ദേശ്യം ഇതായിരുന്നു. പൊട്ടിത്തകർന്നുപോയ ജോലി അല്ലാഹു ശരിയാക്കുന്നതാണ്. പിന്നീട് കുറച്ചുകാലം കഴിഞ്ഞാൽ അവൻ ഉണ്ടാക്കിയത് തകർക്കുകയും ചെയ്യും. ഈ ഇൽഹാം ഖാദിയാനിൽവച്ചുതന്നെ സേട്ട് സാഹിബിനെ കേൾപ്പിച്ചു. കുറച്ച് ദിനങ്ങൾ കഴിഞ്ഞതേയുള്ളൂ, അല്ലാഹു അദ്ദേഹത്തിന്റെ വ്യാപാരകാര്യങ്ങളിൽ തിളക്കമുണ്ടാക്കി. അദൃശ്യത്തിൽ എത്തരത്തിലുള്ള കാര്യഹേതുക്കളാണുണ്ടായതെന്നാൽ, ധനപരമായ വിജയങ്ങൾ ഉണ്ടാകാൻ തുടങ്ങി. കുറച്ചു കാലം കഴിഞ്ഞ് ആ ശരിയാക്കപ്പെട്ട ജോലി തകരുകയും ചെയ്തു.

**ദൃഷ്ടാന്തം 99**: ഒരുതവണ സുബ്ഹി നേരത്ത് ഇൽഹാമുണ്ടായി. 'ഇന്ന് ഹാജി അർബാബ് മുഹമ്മദ് ലശ്കർ ഖാനിൽനിന്ന് പണം വരുന്നതാണ് '. ഞാൻ ഖാദിയാനിലെ ശരംപത്ത് മലാവമൽ എന്നീ രണ്ടു ആര്യസമാജക്കാരോട് രാവിലെതന്നെ അതായത് പോസ്റ്റു വരുന്നതിനു മുമ്പേ ഈ പ്രവചനം പറഞ്ഞു. എന്നാൽ, രണ്ട് ആര്യസമാജക്കാരും മതപരമായ ശത്രുത കാരണം, തങ്ങളിൽ ആരെങ്കിലും പോസ്റ്റാഫീസിൽ അന്വേഷിച്ചെങ്കിൽ മാത്രമെ വിശ്വസിക്കുകയുള്ളൂവെന്ന് വാശിപിടിച്ചു. യാദൃശ്ചികമായി പോസ്റ്റാഫീസിലെ സബ്പോസ്റ്റുമാസ്റ്ററും ഹിന്ദുവായിരുന്നു. അപ്പോൾ ഞാൻ അവരുടെ അപേക്ഷ സമ്മതിച്ചു. പോസ്റ്റു വരേണ്ട സമയമായപ്പോൾ അവർ രണ്ടുപേരിൽ മലാവമൽ എന്ന ആര്യൻ പോസ്റ്റെടുക്കുന്നതിനു വേണ്ടി പോയി. ഒരു കത്ത് കൊണ്ടുവന്നു. അതിൽ സുരൂർഖാൻ ഇത്ര തുക അയച്ചിരിക്കുന്നുവെന്ന് എഴുതിയിരുന്നു. അപ്പോൾ സുരൂർഖാൻ ആരാണെന്ന പുതിയ വഴക്ക് തുടങ്ങി. ഇയാൾ മുഹമ്മദ് ലശ്ക്കർ ഖാന്റെ ഏതെങ്കിലും ബന്ധുവാണോ? അല്ലേ? യാഥാർഥ്യം അറിയുന്നതിന് ഇതിനു തീരുമാനമെടുക്കുക എന്നത് ആര്യസമാജക്കാരുടെ കടമയായിരുന്നു. അപ്പോൾ അസ്വായെ മൂസായുടെ കർത്താവ് അക്കൗണ്ടന്റ് മുൻശീ ഇലാഹി ബഖ്ശ് സാഹിബിന്റെ- അദ്ദേഹം അപ്പോൾ ഹോത്തിമർദാനിൽ ആയിരുന്നു. അപ്പോൾ എതിരാളിയായിരുന്നില്ല- കത്തുവന്നു. അതിലെഴുതിയിരുന്നു: ഇവിടെ ഇങ്ങനെയൊരു ചർച്ച നടക്കുന്നുണ്ട്. സുരൂർഖാന്, മുഹമ്മദ് ലശ്കർഖാനുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന കാര്യമാണ് അന്വേഷിക്കുന്നത്? കുറച്ച് ദിവസം കഴിഞ്ഞ് മുൻശീഇലാഹീ ബഖ്ശ് സാഹിബിന്റെ മറുപടി കത്ത് ഹോത്തീ മർദാനിൽനിന്നുവന്നു. അതിലെഴുതിയിരുന്നു: 'അർബാബ് ലശ്കർഖാന്റെ മകനാണ് സുരൂർഖാൻ.' അപ്പോൾ രണ്ട് ആര്യസമാജക്കാരും മറുപടിയില്ലാതെ നിശബ്ദരായി. നോക്കുക! അല്ലാഹുവിനല്ലാതെ മറ്റൊരു ബുദ്ധിയ്ക്കും പ്ലാൻ ചെയ്യാൻ കഴിയാത്തതരത്തിലുള്ള അദൃശ്യകാര്യമാണിത്. ഈ പ്രവചനം പുലർന്നതിൽ ഇരുഭാഗത്തുമുള്ള എതിരാളികളുടെ സാക്ഷ്യമുണ്ട്. അതായത് ഒരു ഭാഗത്ത് രണ്ട് ആര്യസമാജക്കാരുണ്ട്. അവരെ സംബന്ധിച്ച് ഞാൻ പറയുന്നത്, അവരെ ഈ പ്രവചനം ഞാൻ കേൾപ്പിച്ചിരുന്നു. അവരിലൊരാൾ കത്ത് കൊണ്ടുവരുന്നതിനുവേണ്ടി പോസ്റ്റാഫീസിൽ പോയ ആളുമാണ്. മറുഭാഗത്ത് മുൻശീ ഇലാഹീ ബഖ്ശ് സാഹിബ് അക്കൗണ്ടന്റാണ്. അദ്ദേഹം ഇപ്പോൾ ലാഹോറിലാണുള്ളത്. അദ്ദേഹം എനിക്കെതിരിൽ അസ്വായെ മൂസാ (മൂസായുടെ വടി) എന്ന ഗ്രന്ഥമെഴുതി. തോന്നുന്നതൊക്കെ എന്നെ കുറിച്ച് അതിലെഴുതി. അതേ, എനിക്ക്

**ശേഷം പേജ് 8ൽ**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# തഹ്‌രീക്കെ ജദീദ്
# ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ ദൃഷ്ടാന്തം:

സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ദൃഷ്ടാന്തങ്ങൾ എല്ലായിടത്തും പരന്നുകിടക്കുകയാണ്. തഹ്‌രീക്കെ ജദീദും അവയിലൊന്നാണ്. അത് അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു മഹത്തായ ദൃഷ്ടാന്തമാണ്. ഈ സത്യസാക്ഷ്യത്തിന്റെ വിളംബരം എല്ലാ വർഷവും നവംബർ മാസത്തിൽ സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നത് ലോകം മുഴുവൻ കേൾക്കുന്നു. 2017 നവംബർ 3ന് അമീറുൽ മുഅ്മിനീൻ തഹ്‌രീക്കെ ജദീദിന്റെ 83-ാം വർഷത്തിന്റെ സമാപനവും 84-ാം വർഷത്തിന്റെ ആരംഭവും വിളംബരം ചെയ്തു. തഹ്‌രീക്കെ ജദീദിന്റെ 83-ാം വർഷത്തിൽ, അതായത് 2017ൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് ഒരു കോടി ഇരുപത്തഞ്ചു ലക്ഷത്തി എൺപതിനായിരം പൗണ്ട് ധനത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടി. അൽഹംദുലില്ലാഹ് ഈ ത്യാഗം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പതിനഞ്ചുലക്ഷത്തി നാല്പത്തിമൂവായിരം പൗണ്ട് അധികമാണ്.

ത്യാഗത്തിന്റെ രംഗത്ത് ചുവട് മുന്നോട്ടുകുതിച്ചുകൊണ്ടിരിക്കുന്നുവെന്നത് ദൈവികജമാഅത്തുകളുടെ അടയാളമാണ്. ഉദാഹരണത്തിന് 2006ൽ തഹ്‌രീക്കെ ജദീദിനുവേണ്ടി ജമാഅത്തംഗങ്ങൾ നല്കിയ ത്യാഗം മുപ്പത്തിയാറുലക്ഷത്തി പന്ത്രണ്ടായിരം പൗണ്ടായിരുന്നു. അത് വർധിച്ച് ഇന്ന് ദൈവകൃപയാൽ ഒരു കോടി ഇരുപത്തഞ്ചുലക്ഷത്തി എൺപതിനായിരം പൗണ്ടായി. അതായത് 10 വർഷത്തിനുള്ളിൽ ജമാഅത്തംഗങ്ങൾക്ക് തഹ്‌രീക്കെ ജദീദിന് മൂന്നര ഇരട്ടി കൂടുതൽ ത്യാഗം ചെയ്യാനുള്ള തൗഫീഖ് കിട്ടി. അൽഹംദുലില്ലാഹ്. ഇത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ജമാഅത്തിന്റേയും ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റേയും സത്യത്തിനുള്ള വളരെ വലിയ തെളിവാണ്. ഈ ത്യാഗത്തിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ജമാഅത്തിന്റേയും ദൃഷ്ടാന്തം കാണിക്കുന്നതിൽ തങ്ങളുടെ വിഹിതമിടുകയാണ് ചെയ്യുന്നത്. തഹ്‌രീക്കെ ജദീദ് ആരംഭിച്ചിട്ട് ഇന്ന് 84 വർഷമായി. ജമാഅത്തംഗങ്ങൾ അങ്ങേയറ്റം സന്തോഷത്തോടും വിശാലഹൃദയത്തോടും സ്ഥിരചിത്തതയോടുംകൂടി ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. 84 വർഷം മുമ്പേ സയ്യിദുനാ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) നട്ട ചെടി, ഇന്ന് ശക്തമായ വൃക്ഷമായി കഴിഞ്ഞിരിക്കുന്നു. ഈ ആത്മീയവൃക്ഷം വലുതിൽ വലുതായും ഇടതൂർന്നതായുംകൊണ്ട് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും. ഇൻശാഅല്ലാഹ്.

സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് നവംബർ 3ന് ചെയ്ത ഖുത്ബയിലെ ഈമാൻ ദൃഢീകരിക്കുന്ന ഉപദേശങ്ങളിലെചിലത് സമർപ്പിക്കുകയാണ്. അവിടുന്ന് പറഞ്ഞു:

"ഇന്ന് ദൈവകൃപയാൽ എല്ലാതരത്തിലുള്ള ത്യാഗങ്ങളുടേയും ഏറ്റവുമധികം ഗ്രാഹ്യം നബി(സ)തിരുമേനിയുടെ സേവകനെ വിശ്വസിക്കുന്നവർക്കാണുള്ളത്. അതിന്റെ ഏറ്റവുമധികം കർമപരമായ പ്രകടനവും ദൈവകൃപയാൽ അഹ്മദികൾതന്നെയാണ് കാഴ്ചവെക്കുന്നത്. ഇന്ന് ലോകം സ്വത്തും മുതലും സ്വരുക്കൂട്ടുന്നതിനുള്ള നെട്ടോട്ടത്തിലാണ്. അഹ്മദികളിലെ വലിയൊരു വിഭാഗം പണം സമ്പാദിക്കുകയും സ്വത്ത് സ്വരൂപിക്കുകയും ചെയ്യുന്നവരാണ്. അവരോടു സാമ്പത്തിക ത്യാഗത്തിനായി പറയുമ്പോൾ അവർ തങ്ങളുടെ ധനം സമർപിക്കുന്നു. ഇതെല്ലാം നടക്കുന്നത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ നിരന്തരമായ ശിക്ഷണത്തിന്റെ ഫലമാണ്."

അഹ്മദികൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ ത്യാഗത്തിന്റെ ഫലമായി അല്ലാഹു അവർക്ക് തന്റെ വാഗ്ദാനമനുസരിച്ച് പരലോകത്ത് ഉന്നതമായ പ്രതിഫലം നല്കുമെന്നും, പരലോകത്തു മാത്രമല്ല ഇഹലോകത്തും അവൻ ഒരുപാട് അനുഗ്രഹങ്ങൾ നല്കുമെന്നുമുള്ള കാര്യം നല്ലവണ്ണം അറിയുന്നു. ഒരു അഹ്മദി കൂടുതൽ കരസ്ഥമാക്കുക എന്ന നിയ്യത്തോടുകൂടി ത്യാഗം ചെയ്യാതിരിക്കേണ്ടതാണ്. അതിന്റെ ഫലമായി അല്ലാഹു ഇരട്ടി പ്രതിഫലം നല്കുന്നതായിരിക്കും; അതായത് ഇഹലോകത്തും പരലോകത്തും." ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ പറയുന്നു:

"ധാരാളം അഹ്മദികളുണ്ട്. അവർ ത്യാഗങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. അവർ ഖുർആനിലും ഹദീഥിലും ഇതുപോലെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളിലും ഇക്കാര്യങ്ങൾ വായിക്കുമ്പോൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവരുടെ ധനത്തിലും ജീവനിലും ബർക്കത്തിടുമെന്ന് പറഞ്ഞിട്ടുള്ളതിലും ദൃഢമായും വിശ്വസിക്കുന്നു. മനുഷ്യൻ തന്റെ പ്രിയപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ താൻ അത് വർധിപ്പിച്ചു നല്കുമെന്നും എഴുന്നൂറ് ഇരട്ടിവരെ വർധിപ്പിക്കുമെന്നും അതിനെക്കാൾ കൂടുതൽ തനിക്ക് നല്കാൻ കഴിയുമെന്നും അല്ലാഹു പറയുന്നു. അഹ്മദികൾ നബി(സ) തിരുമേനിയുടെ ഉപദേശമനുസരിച്ച് ഈ ത്യാഗം ചെയ്യുമ്പോൾ തങ്ങൾക്കും അല്ലാഹു വർധിപ്പിച്ചു തരുമെന്നും തങ്ങളോടും ഇങ്ങനെ പെരുമാറുമെന്നുമുള്ള ദൃഢവിശ്വാസവും അവർക്കുണ്ടാകുന്നു."

"ഇക്കാലം ഇസ്‌ലാമിന്റെ പ്രചാരണസമ്പൂർത്തീകരണത്തിന്റെ കാലമാണെന്നും അതിനുവേണ്ടിയാണ് അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദിനെ അയച്ചിട്ടുള്ളതെന്നും ദൈവകൃപയാൽ അഹ്മദികളിലെ ഭൂരിഭാഗവും ഗ്രഹിച്ചിട്ടുള്ളവരാണ്.......അതിനുവേണ്ടി സാമ്പത്തികത്യാഗത്തിന്റെ ആവശ്യമുണ്ട്. അപ്പോൾ അവർ സാമ്പത്തികത്യാഗവും ചെയ്യുന്നു. ജമാഅത്തിൽ ഇതെല്ലാം(മാനവിക സേവനത്തിന്റെ പ്രവർത്തനം-ലേ)ആത്മാർഥരായവരുടെത്യാഗങ്ങൾ മുഖേനയാണ് നടന്നു വരുന്നത്. അവരുടെ ത്യാഗങ്ങൾക്ക് ഈ ലോകത്തും പരലോകത്തും പ്രതിഫലം നല്കി അല്ലാഹു അനുഗ്രഹിക്കുമെന്ന് അവർക്ക് ദൃഢവിശ്വാസമുണ്ട്. ഇൻശാഅല്ലാഹ്."

പാക്കിസ്താൻ ഒഴിച്ചുള്ള രാജ്യങ്ങളിൽ ജർമനിയാണ് ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനം ബ്രിട്ടൻ, മൂന്നാം സ്ഥാനം അമേരിക്ക, നാലാം സ്ഥാനം കനഡ, അഞ്ചാം സ്ഥാനം ഇന്ത്യ, ആറാം സ്ഥാനം ആസ്ത്രേലിയ, ഏഴാം സ്ഥാനം ഇന്തൊനീഷ്യ(Indonesia), എട്ടാം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. ഇപ്രകാരംതന്നെ ഒൻപതാം സ്ഥാനവും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പത്താം സ്ഥാനത്തുള്ളത് ഘാനയാണ്.

ഇവിടെ ഇക്കാര്യം പറയേണ്ടത് അനിവാര്യമായി മനസ്സിലാകുന്നു. ജർമനിയിലെ അഹ്മദികളുടെ ത്യാഗങ്ങളെ സംബന്ധിച്ച് ഹുദൂർ അൻവർ എടുത്തുപറഞ്ഞു. അവരെ ദുആകൊണ്ട് അനുഗ്രഹിച്ചു. ഹുദൂർ അൻവർ പറഞ്ഞു: ജർമനിയിൽ മസ്ജിദുകളുടെ നിർമാണത്തിനും ജനങ്ങൾ വളരെ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഖുദ്ദാമും അൻസ്വാറും ലജ്നയും വലിയ വലിയ തുകകളാണ് തങ്ങളുടെ ഉത്തരവാദിത്വമായി ഏറ്റെടുത്തിട്ടുള്ളത്. ഏകദേശം മൂന്നു മില്യൺ യൂറോ ഇതിനുവേണ്ടി അവർ സ്വരൂപിച്ചുകൊണ്ടിരിക്കുന്നു. അത്ര വലിയ സമ്പന്നരും അവിടെയില്ല. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ അവരിൽ ത്യാഗത്തിന്റെ വികാരം ധാരാളമുണ്ട്. അല്ലാഹു അവരുടെ ധനത്തിൽ ഐശ്വര്യം ഉണ്ടാക്കുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (1) കേരള, (2) കർണാടക, (3) ജമ്മുകാശ്മീർ, (4) തെലുങ്കാന, (5) തമിഴ്നാട്, (6) ഒഡീശ, (7)പഞ്ചാബ്, (8)ബംഗാൾ, (9) ദില്ലി, (10) മഹാരാഷ്ട്ര.

ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 10 വലിയ ജമാഅത്തുകൾ ഇവയാണ്: (1)കോഴിക്കോട്(കേരള), (2)പത്തപ്പിരിയം(കേരള), (3)ഖാദിയാൻ, (4)ഹൈദ്രാബാദ്, (5) കൊൽക്കത്ത, (6)ബാംഗ്ലൂർ, (7)കണ്ണൂർ ടൗൺ(കേരള). (8)പഴയങ്ങാടി(കേരള). (9)മാത്തോട്ടം(കേരള). (10)കരുളായി(കേരള).

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ ലോകത്തെ 10 രാജ്യങ്ങൾ ഇവയാണ്.(1)മിഡിൽ ഈസ്റ്റിലെ ജമാഅത്ത്, (2)മിഡിൽ ഈസ്റ്റിലെ ജമാഅത്ത്,(3) സ്വിറ്റ്സർലൻഡ്(Switzerland),(4) യു.കെ(U.K), (5) അമേരിക്ക, (6) ആസ്ത്രേലിയ, (7) ജർമനി, (8) സ്വീഡൻ(Sweden), (9) നോർവെ(Norway), (10) കനഡ (Canada).

അവസാനമായി ഞങ്ങൾ ഭാരതത്തിലെ ജമാഅത്തംഗങ്ങളുടെ സന്നിധിയിൽ വേദനയോടെ അപേക്ഷിക്കുകയാണ്, തഹ്‌രീക്കെ ജദീദിന്റെ പുതിയ വർഷത്തെ അതായത് 2018 വർഷത്തെ നിങ്ങളുടെ വിഹിതം അത്യുത്സാഹത്തോടെ എഴുതിക്കുക. അല്ലാഹുവിന്റെ വഴിയിൽ ചെയ്യുന്ന ത്യാഗം ഒരിക്കലും ഒരുവിധത്തിലുള്ള നഷ്ടത്തിനും നാശത്തിനും നിമിത്തമാകുകയില്ലെന്നത് തികച്ചും ഉറപ്പായതും സത്യമായതുമായ കാര്യമാണ്. അല്ലാഹു അതുമുഖേന ഇരുലോകത്തും അനുഗ്രഹിക്കുന്നതാണ്. പാക്കിസ്താൻ ഒഴികെയുള്ള 10 രാജ്യങ്ങളിൽ ഞങ്ങളുടെ ലിസ്റ്റിൽ അഞ്ചാംസ്ഥാനത്തുള്ള ഭാരതത്തെ കഴിയുന്നത്ര ത്യാഗം ചെയ്ത് നാലാം സ്ഥാനത്തേക്ക് കൊണ്ടുവരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് ഫസ്തബിഖുൽ ഖയ്റാത്തിന്റെ കല്പന നല്കുന്നു; നന്മയിലും തഖ്‌വയിലും ധനത്യാഗ

ശേഷം പേജ് 11ൽ




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ
കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ഇന്ന് ദൈവകൃപയാൽ എല്ലാതരത്തിലുള്ള ത്യാഗങ്ങളുടേയും ഏറ്റവുമധികം ഗ്രാഹ്യം നബി(സ)തിരുമേനിയുടെ സേവകനെ വിശ്വസിക്കുന്നവർക്കാണുള്ളത്. അതിന്റെ ഏറ്റവുമധികം കർമപരമായ പ്രകടനവും ദൈവകൃപയാൽ അഹ്മദികൾതന്നെയാണ് കാഴ്ചവെക്കുന്നത്. ഇന്ന് ലോകം സ്വത്തും മുതലും സ്വരുക്കൂട്ടുന്നതിനുള്ള നെട്ടോട്ടത്തിലാണ്. അഹ്മദികളിലെ വലിയൊരു വിഭാഗം പണം സമ്പാദിക്കുകയും സ്വത്ത് സ്വരൂപിക്കുകയും ചെയ്യുന്നവരാണ്. അവരോടു സാമ്പത്തിക ത്യാഗത്തിനായി പറയുമ്പോൾ അവർ തങ്ങളുടെ ധനം സമർപിക്കുന്നു. ഇതെല്ലാം നടക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ നിരന്തരമായ ശിക്ഷണത്തിന്റെ ഫലമാണ്.**

**ധനത്യാഗത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉപദേശങ്ങളുടെ ചർച്ച**

**മനുഷ്യൻ തന്റെ പ്രിയപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ താൻ അത് വർധിപ്പിച്ചു നല്കുമെന്നും എഴുന്നൂറ് ഇരട്ടിവരെ വർധിപ്പിക്കുമെന്നും അതിനെക്കാൾ കൂടുതൽ തനിക്ക് നല്കാൻ കഴിയുമെന്നും അല്ലാഹു പറയുന്നു. അഹ്മദികൾ നബി(സ)തിരുമേനിയുടെ ഉപദേശമനുസരിച്ച് ഈ ത്യാഗം ചെയ്യുമ്പോൾ തങ്ങൾക്കും അല്ലാഹു വർധിപ്പിച്ചു തരുമെന്നും തങ്ങളോടും ഇങ്ങനെ പെരുമാറുമെന്നുമുള്ള ദൃഢവിശ്വാസവും അവർക്കുണ്ടാകുന്നു.**

**ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള പഴയ അഹ്മദികളുടേയും പുതിയ അഹ്മദികളുടേയും ധനത്യാഗവും തൽഫലമായി അവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റവും അവരുടെ ധനങ്ങളിലുണ്ടായ അനുഗ്രഹങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളെ കുറിച്ചുമുള്ള വിവരണം.**

**അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തിന്റെ തുടക്കം മുതൽ ഇന്നുവരെ ആത്മാർഥരായ പഴയ അഹ്മദികളും, പുതിയതായി വരുന്ന ധാരാളം അഹ്മദികളും അല്ലാഹുവിന്റെ പെരുമാറ്റവും അവന്റെ വാഗ്ദാനങ്ങളും അനുഭവിക്കുന്നവരാണ്.**

**ഇക്കാലം ഇസ്‌ലാമിന്റെ പ്രചാരണസമ്പൂർത്തീകരണത്തിന്റെ കാലമാണെന്നും അതിനുവേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിനെ അയച്ചിട്ടുള്ളതെന്നും ദൈവകൃപയാൽ അഹ്മദികളിലെ ഭൂരിഭാഗവും ഗ്രഹിച്ചിട്ടുള്ളവരാണ്. അത് വിശുദ്ധഖുർആനിന്റേയും അതിന്റെ തർജമയുടേയും പ്രസിദ്ധീകരണത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തിന്റെ സാഹിത്യങ്ങളും വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. മസ്ജിദുകൾ നിർമിക്കുന്നതിലൂടെ നടന്നു കൊണ്ടിരിക്കുന്നു. മിഷൻഹൗസുകൾ സ്ഥാപിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. ജാമിഅകൾ സ്ഥാപിക്കുന്നതിലൂടെ നടന്നു കൊണ്ടിരിക്കുന്നു. ഇക്കാലത്ത് ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും ഇന്തൊനീഷ്യ(Indonesia)യിലും ജാമികൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെനിന്ന് മുറബ്ബിമാരും മുബല്ലിഗുമാരും പഠിച്ചുപാസായി ഇസ്‌ലാമിക പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും അഹ്മദികൾ അറിയുമ്പോൾ അതിനുവേണ്ടി സാമ്പത്തികത്യാഗത്തിന്റെ ആവശ്യമുണ്ടെന്നും അവർക്കറിയാം. അപ്പോൾ അവർ സാമ്പത്തികത്യാഗവും ചെയ്യുന്നു. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദും(അ)സൃഷ്ടികളോടുള്ള സഹതാപവും ഈമാനിന്റെ ഭാഗമാണെന്നും പറഞ്ഞു. ഈ സഹതാപമനുസരിച്ച് ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കുന്നതിനു പുറമേയും ജമാഅത്തിൽ സഹായിക്കുന്നതിനുള്ള വ്യവസ്ഥിതിയുണ്ട്. ഇതെല്ലാം ആത്മാർഥരായവരുടെത്യാഗങ്ങൾ മുഖേനയാണ് നടന്നു വരുന്നത്.**

**തഹ്‌രീക്കെജദീദിന്റെ 84-ാമത് വർഷാരംഭത്തിന്റെ വിളംബരം. ഈ വർഷം തഹ്‌രീക്കെജദീദിന്റെ സാമ്പത്തികവ്യവസ്ഥിതിയിൽ ഒരു കോടി ഇരുപത്തിയഞ്ചുലക്ഷത്തി എൺപതിനായിരം (12,580,000)പൗണ്ട് സാമ്പത്തികത്യാഗം ചെയ്യാൻ ജമാഅത്തിന് തൗഫീഖ് കിട്ടി. പാക്കിസ്താനു പുറമെ മറ്റു ലോകത്ത് ജർമനി ഒന്നാം സ്ഥാനത്താണ്. രണ്ടാം സ്ഥാനം ബ്രിട്ടൻ, മൂന്നാം സ്ഥാനം അമേരിക്ക.**

**തഹ്‌രീക്കെ ജദീദിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ വർധനവിന് ധാരാളം സാധ്യതകളുണ്ട്. ജമാഅത്തംഗങ്ങളും സംഘാടകരും ഇതിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്താൻ നിർദേശം. വിവിധ വശങ്ങളിലൂടെ രാജ്യങ്ങളുടേയും ജമാഅത്തുകളുടേയും ധനത്യാഗത്തിന്റെ വിലയിരുത്തൽ.**

**കുറച്ചുകാലം മുമ്പേ മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് കോംപ്ലക്സിൽ തീ പിടിച്ചതിനാൽ കെട്ടിടത്തിന് നഷ്ടമുണ്ടായി. അതിന്റെ പുതുനിർമാണത്തിനുവേണ്ടി യു.കെ ജമാഅത്തിന്റെ അംഗങ്ങളോടും ലോകംമുഴുവനുമുള്ള സമ്പന്നരോടും ധനം ത്യാഗം ചെയ്യാനുള്ള ആഹ്വാനം. വാഗ്ദാനം ചെയ്യുന്ന തുക മൂന്ന് വർഷത്തിനുള്ളിൽ എന്തായാലും അടച്ചുതീർക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, കുറഞ്ഞത് മൂന്നിലൊരു ഭാഗം ആദ്യവർഷംതന്നെ നിർബന്ധമായും കൊടുക്കുക.**

**യമനിലെ ആദിൽ ഹമോദ് നാഖോദ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2017 നവംബർ 03/1396 നുബുവ്വത്ത് 03**
**ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ ۬ؕ وَمَا تُنْفِقُوْا مِنْ شَيْءٍ فَاِنَّ اللّٰهَ بِهٖ عَلِيْمٌ

ഈ ആയത്തിന്റെ തർജമ ഇപ്രകാരമാണ്. നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പൂർണമായ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു (3:93)

ഈ ആയത്തിൽ അല്ലാഹു വിവരിച്ചിട്ടുള്ള വിഷയം അല്ലഹവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്തിട്ടുള്ള മുഅ്മിനീംകൾതന്നെയാണ് നല്ല രീതിയിൽ മനസ്സിലാക്കിയിട്ടുള്ളത്. അതിന്റെ ഏറ്റവും വലിയ പ്രകടനം കാഴ്ചവച്ചത് നബി(സ) തിരുമേനിയുടെ സ്വഹാബാക്കളായിരുന്നു. അവർ തങ്ങളുടെ ധനവും ജീവനും സമയവും മതത്തിനുവേണ്ടി ബലിയർപ്പിച്ചു. അവർ 'അൽ ബിർറ'എന്നതിന്റെ യാഥാർഥ്യം മനസ്സിലാക്കിയവരായിരുന്നു. അതായത് നന്മകളുടെ ഏറ്റവും ഉന്നതമായ നിലവാരം മനസ്സിലാക്കുകയും അത് കരസ്ഥമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. അത് ഭക്തിയുടെ ഉന്നതനിലവാരമായിരുന്നു. അത് സൽസ്വഭാവങ്ങളുടെ ഉന്നത നിലവാരമായിരുന്നു. സാമ്പത്തികത്യാഗത്തിന്റെ ഉന്നതനിലവാരമായിരുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള ഉന്നതനിലവാരമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഈ വചനമിറങ്ങിയപ്പോൾ നബി(സ) തിരുമേനിയോട്

ഹദ്റത്ത് അബൂ ത്വൽഹ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എന്റെ ഒരു തോട്ടമുണ്ട്. ബയ്റുഹാ അ് എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. മസ്ജിദ് നബ്‌വിയുടെ തൊട്ടടുത്തുതന്നെയാണ് അതുള്ളത്.' അദ്ദേഹം പറഞ്ഞു: 'എന്റെ സ്വത്തുക്കളിൽ അത് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്. ഞാൻ ഇന്ന് ആ തോട്ടം അല്ലാഹുവിന്റെ വഴിയിൽ ദാനം ചെയ്യുന്നു.' (സ്വഹീഹുൽ ബുഖാരി, കിതാബു തഫ്സീറുൽ ഖുർആൻ, ബാബ് ലൻതനാലുൽബിർറ..... ഹദീഥ് 4554)

ഈ നിലവാരമായിരുന്നു സ്വഹാബാക്കളുടേത്. ഇന്ന് ദൈവകൃപയാൽ എല്ലാതരത്തിലുള്ള ത്യാഗങ്ങളുടേയും ഏറ്റവുമധികം ഗ്രാഹ്യം നബി(സ)തിരുമേനിയുടെ സേവകനെ വിശ്വസിക്കുന്നവർക്കാണുള്ളത്. അതിന്റെ ഏറ്റവുമധികം കർമ്മപരമായ പ്രകടനവും ദൈവകൃപയാൽ അഹ്മദികൾതന്നെയാണ് കാഴ്ചവെക്കുന്നത്. ഇന്ന് ലോകം സ്വത്തും മുതലും സ്വരുക്കൂട്ടുന്നതിനുള്ള നെട്ടോട്ടത്തിലാണ്. അഹ്മദികളിലെ വലിയൊരു വിഭാഗം പണം സമ്പാദിക്കുകയും സ്വത്ത് സ്വരൂപിക്കുകയും ചെയ്യുന്നവരാണ്. അവരോടു സാമ്പത്തിക ത്യാഗത്തിനായി പറയുമ്പോൾ അവർ തങ്ങളുടെ ധനം സമർപിക്കുന്നു. ഇതെല്ലാം നടക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ നിരന്തരമായ ശിക്ഷണത്തിന്റെ ഫലമാണ്. വിവിധ അവസരങ്ങളിൽ വിവിധ രീതികളിൽ വിവിധ ഉപദേശങ്ങളോടുകൂടി അവിടന്ന് നമുക്ക് ത്യാഗങ്ങളുടെ ഗുണപാഠം നല്കുകയുണ്ടായി. ഒരു അവസരത്തിൽ ധനത്യാഗത്തെ കുറിച്ച് വിവരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു:

"ലോകത്ത് മനുഷ്യൻ ധനത്തെ വളരെയധികം സ്നേഹിക്കുന്നു. ഇതുകൊണ്ടാണ് ആരെങ്കിലും തന്റെ കരളെടുത്ത് ആർക്കെങ്കിലും നല്കുന്നതായി (സ്വപ്നം) കണ്ടാൽ അതുകൊണ്ടുള്ള ഉദ്ദേശ്യം ധനമാണെന്ന് സ്വപ്നശാസ്ത്രത്തിൽ എഴുതിയിട്ടുള്ളത്. ഇക്കാരണത്താലാണ് യഥാർഥമായ ഭക്തിയും വിശ്വാസവും കരസ്ഥമാക്കുന്നതിന് *ലൻതനാലുൽ ബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* എന്നു പറഞ്ഞിട്ടുള്ളത്. അതായത് നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത് നിങ്ങൾ ചെലവഴിക്കാത്തിടത്തോളം യഥാർഥമായ നന്മ നിങ്ങളൊരിക്കലും പ്രാപിക്കുകയില്ല. കാരണം ദൈവസൃഷ്ടികളോടുള്ള സഹതാപത്തിന്റേയും പെരുമാറ്റത്തിന്റേയും വലിയൊരുഭാഗം ധനം ചെലവഴിക്കേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നു." (സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിനുള്ള വലിയൊരു ഭാഗം, അതിന്റെ ആവശ്യം ധനത്തിന്റെ ആവശ്യമാണ്). പറയുന്നു: "മനുഷ്യരോടും ദൈവസൃഷ്ടികളോടുമുള്ള സഹതാപം എന്നു പറയുന്നത് വിശ്വാസത്തിന്റെ രണ്ടാമത്തെ ഭാഗമാണ്. ഇതുകൂടാതെ വിശ്വാസം പൂർണമോ ഉറപ്പുള്ളതോ ആവുകയില്ല." (സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റലും വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. അതുകൂടാതെ വിശ്വാസം പൂർണമാകുകയില്ല. ശക്തമാകുകയില്ല. പക്വമാകുകയില്ല). പറഞ്ഞു: "മനുഷ്യൻ ത്യാഗവും മറ്റുള്ളവർക്ക് ഗുണവും ചെയ്യാതെ എങ്ങനെയാണ് ആ സ്ഥാനത്ത് എത്തിച്ചേരുക?" (മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നതിനും മറ്റുള്ളവരോടു സഹതാപം കാണിക്കുന്നതിനും ത്യാഗം അനിവാര്യമായ ഘടകമാണ്). *ലൻതനാലുൽ ബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* എന്ന ആയത്തിൽ അതേ ത്യാഗത്തിന്റെ അധ്യാപനവും നിർദേശവുമാണ് നല്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നതും മനുഷ്യന്റെ ഭാഗ്യവും ഭക്തിയുടെ അടയാളവും ഉരകല്ലുമാണ്. (അതായത് അത് ഉരകല്ലാണ്. അതുകൊണ്ട് തഖ്‌വാ ഉരച്ചുനോക്കപ്പെടുന്നു). പറഞ്ഞു: 'ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിന്റെ നിലവാരവും അളവും ഹദ്റത്ത് അബൂബക്കർ(റ)ന്റെ ജീവിതത്തിലുണ്ടായിരുന്നതെന്തായിരുന്നു? നബി(സ)തിരുമേനി ദീനിനുവേണ്ടി ഒരാവശ്യം പറഞ്ഞു. അപ്പോൾ വീട്ടിലുള്ള സകലവസ്തുക്കളുമായി അദ്ദേഹം ഹാജരായി."(മൽഫൂദാത്ത് വാല്യം 2പേജ് 95–96, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് അബൂബക്കർ(റ) സ്ഥാപിച്ചുകാണിച്ച അത്യുന്നതമായ നിലവാരമായിരുന്നു അത്. അദ്ദേഹത്തിനുശേഷം ഹദ്റത്ത് ഉമർ(റ) അതു സ്ഥാപിച്ചു കാണിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഹദ്റത്ത് അബൂബക്കർ(റ) വീട്ടിലെ മുഴുവൻ സാധനങ്ങളുമായി വന്നപ്പോൾ ഹദ്റത്ത് ഉമർ(റ) വീട്ടിലെ പകുതി സാധനങ്ങളുമായി വന്നു. ഇപ്രകാരം മറ്റു സ്വഹാബാക്കളും അവരവർക്ക് കഴിയുംവിധം ത്യാഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. (മൽഫൂദാത്ത് വാല്യം 2പേജ് 95, 1985 ലണ്ടൻ പതിപ്പ്)

ഈ ഉദാഹരണങ്ങൾ നല്കിക്കൊണ്ട് ഇതേ ചൈതന്യവും നിലവാരവുമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ധാരാളം അഹ്മദികളുണ്ട്. അവർ ത്യാഗങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. അവർ ഖുർആനിലും ഹദീഥിലും ഇതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളിലും ഇക്കാര്യങ്ങൾ വായിക്കുമ്പോൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവരുടെ ധനത്തിലും ജീവനിലും ബർക്കത്തിടുമെന്ന് പറഞ്ഞിട്ടുള്ളതിലും ദൃഢമായും വിശ്വസിക്കുന്നു. മനുഷ്യൻ തന്റെ പ്രിയപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ താൻ അത് വർധിപ്പിച്ചു നല്കുമെന്നും എഴുന്നൂറ് ഇരട്ടിവരെ വർധിപ്പിക്കുമെന്നും അതിനെക്കാൾ കൂടുതൽ തനിക്ക് നല്കാൻ കഴിയുമെന്നും അല്ലാഹു പറയുന്നു. അഹ്മദികൾ നബി(സ)തിരുമേനിയുടെ ഉപദേശമനുസരിച്ച് ഈ ത്യാഗം ചെയ്യുമ്പോൾ തങ്ങൾക്കും അല്ലാഹു വർധിപ്പിച്ചു തരുമെന്നും തങ്ങളോടും ഇങ്ങനെ പെരുമാറുമെന്നുമുള്ള ദൃഢവിശ്വാസവും അവർക്കുണ്ടാകുന്നു. അതിൽ നബി(സ)തിരുമേനി പറഞ്ഞു: "പരിശുദ്ധമായ സമ്പാദ്യത്തിൽനിന്ന് ഒരു കാരക്കപോലും അല്ലാഹുവിന്റെ വഴിയിൽ കൊടുത്താൽ അല്ലാഹു പരിശുദ്ധമായ വസ്തുമാത്രം സ്വീകരിക്കുന്നു." ഇത് വളരെ അത്യാവശ്യവും ഓർമവെക്കേണ്ടതുമായ കാര്യമാണ്. വഞ്ചിച്ചുണ്ടാക്കുന്ന സമ്പാദ്യം അല്ലാഹു സ്വീകരിക്കുകയില്ല. അല്ലാഹു പരിശുദ്ധമായി സമ്പാദിച്ചതാണ് സ്വീകരിക്കുന്നത്. പറഞ്ഞു: "വല്ലവനും പരിശുദ്ധമായ സമ്പാദ്യം അല്ലാഹുവിന്റെ വഴിയിൽ കൊടുത്താൽ ആ കാരക്ക അല്ലാഹു വലം കൈകൊണ്ട് സ്വീകരിക്കുന്നതാണ്." (കാരക്കയുടെ അത്ര സമ്പാദ്യമായാലും വേണ്ടില്ല) അതിനെ വർധിപ്പിക്കുന്നതാണ്. അത് പർവ്വതത്തോളം ആയിത്തീരുന്നതാണ്. പറഞ്ഞു: "നിങ്ങളിൽ ഒരാൾ ചെറിയ കാളക്കുട്ടിയെ പോറ്റിവളർത്തുകയും അതിനെ വലിയ മൃഗമാക്കുകയും ചെയ്യുന്നതുപോലെ."(സ്വഹീഹുൽ ബുഖാരി, കിതാബുസ്സക്കാത്ത്, ബാബുസ്സദഖത്തു മിൻ കസബി ത്വയ്യിബി ഹദീഥ് 1410). 'ഒരു പർവതത്തോളം വലുതാകുംവരെ അവനത് വളർത്തിക്കൊണ്ടിരിക്കുകയും ചെയ്യും' എന്ന് നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് ചെലവഴിക്കുന്നവരാണ് അഹ്മദികൾ.

ഇക്കാലഘട്ടത്തിൽ നമ്മൾ ഇത് വായിക്കുകയും ഇക്കാര്യങ്ങൾ കേൾക്കുകയും നബി(സ) തിരുമേനിയുടെ നിർദേശങ്ങൾ ശ്രവിക്കുകയും ചെയ്യുമ്പോൾ ഇതൊന്നും പഴയകാല കഥകളൊന്നുമല്ല. മറിച്ച്, ത്യാഗങ്ങൾ ചെയ്യുന്നവർക്ക് വ്യക്തിഗതമായ അനുഭവങ്ങൾ ഇന്നും ഉണ്ടാകുന്നുണ്ട്. ഈ കാര്യം പിന്നീട് അവരുടെ വരുമാനമാർഗങ്ങളിലും വിശാലതയുണ്ടാക്കുന്നു. അവർ ത്യാഗങ്ങൾ ചെയ്യുകയും അവരുടെ വിശ്വാസത്തിൽ അത് വർധന ഉണ്ടാക്കുകയും ചെയ്യുന്നു. ചില സംഭവങ്ങൾ ഞാൻ വിവരിക്കുകയാണ്.

ഒരു ആഫ്രിക്കൻരാജ്യമാണ് കാമറൂൺ (Cameroon). അവിടത്തെ മുബല്ലിഗ് ഇൻ ചാർജ് പറയുന്നു: മുഅല്ലിം അബൂബക്കർ സാഹിബ് പറഞ്ഞു: കഴിഞ്ഞ വർഷം തൊഴിൽരഹിതനായിരുന്ന അബ്ദുല്ലാ എന്ന് പേരുള്ള ഒരു അഹ്മദി തന്റെ കുടുംബത്തെപോലും പോറ്റാൻ കഴിയാതെ ബുദ്ധിമുട്ടിലായിരുന്നു. ഈ അവസ്ഥയിൽ അദ്ദേഹം ഒരു ദിവസം ജുമുആക്ക് വന്നു. ജുമുഅ നമസ്കാരത്തിനുശേഷം തഹ്‌രീക്കെജദീദ് സെക്രട്ടറിക്കുവേണ്ടി വിളംബരമുണ്ടായി. അബ്ദുല്ലാ സാഹിബിന്റെ പോക്കറ്റിൽ അപ്പോൾ 10,000 ഫ്രാങ്ക് സീ എഫ്എ യാണുണ്ടായിരുന്നത്. അദ്ദേഹം ആ വിളംബരം കേട്ടപാടെ മുഴുവൻ തുകയും തഹ്‌രീക്കെജദീദിനു ചന്ദകൊടുത്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും സെന്ററിൽ വന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്റെ ചന്ദ സ്വീകരിച്ചിരിക്കുന്നു. ഒരാഴ്ചയ്ക്കുള്ളിൽ ഒരു പ്രൈവറ്റ് കമ്പനി എനിക്ക് ജോലി നല്കി. എന്റെ ശമ്പളം ഒരു ലക്ഷം ഫ്രാങ്ക് സീ എഫ്എ യായി നിശ്ചയിച്ചു. അത് എന്റെ ചന്ദയുടെ പത്തിരട്ടിയാണ്. ഓരോ മാസവും എനിക്ക് അത് കിട്ടിക്കൊണ്ടിരിക്കും.' പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അതുകൊണ്ട് ആദ്യമാസം കിട്ടിയ ശമ്പളവും ഞാൻ ജമാഅത്തിന് ഇപ്പോൾ ചന്ദ നല്കുകയാണ്.' ഈ ആളുകൾ ദരിദ്രരാണ്. അവരെ അല്ലാഹു എങ്ങനെയാണ് ഈ അനുഭവങ്ങളിലൂടെ കടത്തിക്കൊണ്ടുപോകുന്നത്. എങ്ങനെയാണ് അനുഗ്രഹങ്ങൾകൊണ്ട് കടാക്ഷിക്കുന്നത്! മറ്റൊരു ഉദാഹരണവുമുണ്ട്.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഒരു പുതിയ അഹ്മദി ദാവൂദ് സാഹിബ് കോംഗോ(Congo) ബ്രാസവിൽകാരനാണ്. ഇതും ആഫ്രിക്കൻരാജ്യമാണ്. അദ്ദേഹത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണ്ടപ്പോൾ കുറഞ്ഞ പക്ഷം എല്ലാ ജുമുആയും മസ്ജിദിൽ വന്ന് നമസ്കരിക്കാൻ പറഞ്ഞു. അദ്ദേഹം ജുമുആയിൽ പതിവായി വരാൻ തുടങ്ങി. ഒരു ദിവസം ജുമുആയ്ക്കുശേഷം കണ്ടപ്പോൾ ധനത്യാഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തോടു പറഞ്ഞു. എന്താണോ അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ളത് അതിൽനിന്ന് എന്തെങ്കിലും കുറച്ച് അവന്റെ വഴിയിൽ കൊടുക്കാനും നിങ്ങൾ എന്തൊന്ന് അല്ലാഹുവിന്റെ വഴിയിൽ കൊടുത്താലും അത് വർധിപ്പിച്ച് അവൻ മടക്കിത്തരുന്നതാണെന്നും പറഞ്ഞു. പരിശുദ്ധ സമ്പാദ്യം കൊടുക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയുമാണെങ്കിൽ അതു മടക്കിത്തരുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇപ്രകാരം നിങ്ങളുടെ സാമ്പത്തിക ഞെരുക്കങ്ങൾ ഐശ്വര്യത്തിലേക്ക് മാറ്റപ്പെടുമെന്നും അദ്ദേഹത്തോടു പറയപ്പെട്ടു. ഇതു പറഞ്ഞുകൊണ്ട് മുബല്ലിഗ് സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തിന് തിരിച്ചുപോകാനുള്ള വണ്ടിക്കൂലി നല്കിയാണ് യാത്രയയച്ചത്. ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം ജുമുആയ്ക്കു വന്നപ്പോൾ വളരെ സന്തോഷവാനായി കണ്ടു. കാരണം ചോദിച്ചപ്പോൾ പറഞ്ഞു: 'താങ്കൾ കഴിഞ്ഞ ജുമുആയ്ക്ക് ചന്ദകൾ കൊടുക്കാൻ പറഞ്ഞുവല്ലോ. ഞാൻ 100 ഫ്രാങ്ക് സീ എഫ്എ ചന്ദ കൊടുത്തിരുന്നു. ചന്ദ കൊടുത്തതിനുശേഷം ഞാൻ വീട്ടിലെത്തിയപ്പോൾ ഒരു അയൽവാസി സുഹൃത്ത്, കുറച്ചു മാസങ്ങൾക്കുമുമ്പേ ഞങ്ങളുടെ മുറ്റത്ത് വെച്ചിരുന്ന കുറച്ച് വിറകു് എടുക്കുന്നതിനുവേണ്ടി വന്നു. പോകുമ്പോൾ 4000 ഫ്രാങ്ക് സീ എഫ്എ എന്റെ കൈയിൽ പിടിപ്പിച്ചു. ഞാൻ ചന്ദ കൊടുത്തിട്ട് വീട്ടിൽ എത്തിയുടനെ അല്ലാഹു 40 ഇരട്ടി വർധിപ്പിച്ച് എനിക്ക് മടക്കിനല്കിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ടായി.'

ഇപ്രകാരംതന്നെ ടാൻസാനിയാ(Tanzania) യിലെ അമീർ സാഹിബ് എഴുതുന്നു: ഉബയ്ദ് ഗോയി സാഹിബ് പുതിയ അഹ്മദിയാണ്. അദ്ദേഹം പറയുന്നു: കൽപണിയായിരുന്നു എന്റെ തൊഴിൽ. അഞ്ച് മാസമായി പ്രത്യേകിച്ച് പണിയൊന്നും ലഭിക്കുന്നുണ്ടായിരുന്നില്ല. വലിയ ബുദ്ധിമുട്ടിലായിരുന്നു. ഭാര്യയും മക്കളും വിഷമിച്ചാണ് കഴിഞ്ഞിരുന്നത്. വളരെ ബുദ്ധിമുട്ടിയാണ് ജീവിതം കടന്നുപോയത്. ഒരു ദിവസം മുഅല്ലിം സാഹിബ് ചന്ദ കൊടുക്കാൻ പറഞ്ഞു. ആ സമയത്ത് എന്റെ കൈയിലുണ്ടായിരുന്ന തുക ഭാര്യയ്ക്കും കുട്ടികൾക്കും അന്നത്തെ ദിവസത്തേക്കുള്ള സാധനങ്ങൾ വാങ്ങാനെ തികയുമായിരുന്നുള്ളു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നതുകൊണ്ട് അല്ലാഹു അനുഗ്രഹമിടുമെന്ന് മുഅല്ലിം സാഹിബ് പറഞ്ഞപ്പോൾ ആ തുക ചന്ദ കൊടുക്കാമെന്ന് തീരുമാനിച്ചു. അങ്ങനെതന്നെ ഞാൻ ചെയ്തു. പിന്നീട് ഞാൻ ഓർത്തത് ഇന്ന് എന്റെ മക്കൾ എന്ത് തിന്നുമെന്നാണ്. ഈ ചിന്തയിൽ അല്പസമയം കഴിഞ്ഞപ്പോൾ നിർമാണപ്രവർത്തനം നടന്നുകൊണ്ടിരുന്ന സ്ഥലത്തുനിന്ന്, പെട്ടെന്ന് അവിടെയെത്തി ജോലിക്ക് തയ്യാറാകാൻ ഫോൺ വന്നു. അതിനോടൊപ്പം എനിക്ക് വേതനമെന്ന നിലയിൽ കുറച്ച് അഡ്വാൻസ് തുകയും നല്കി. അഞ്ചുമാസമായി അങ്ങേയറ്റം പ്രയാസത്തിലായിരുന്ന ഞാൻ, അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തയുടനെ അവനിൽനിന്ന് അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നതുകണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. അങ്ങനെ ആ ദിവസം മുതൽ അല്ലാഹുവിന്റെ വഴിയിൽ കൊടുക്കുമ്പോൾ എന്റെ അവസ്ഥകൾ മാറിപ്പോകുന്നു. ഇനിയൊരിക്കലും ഞാൻ ചന്ദ കൊടുക്കാതിരിക്കുകയില്ല.' അമീറുൽ മുഅ്മിനീൻ പറഞ്ഞു. പുതിയതായി ബയ്അത്ത് ചെയ്യുന്നവരേയും അല്ലാഹു ഈ അനുഭവങ്ങളിലൂടെ കടത്തിവിടുന്നു.

ഒരു ആഫ്രിക്കൻ രാജ്യമാണ് മാലി (Mali). അവിടെത്തെ ലാസീന(Lassina) സാഹിബിന് മൂന്നുനാല് വർഷം മുമ്പേ ബയ്അത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. അദ്ദേഹം തന്റെ നിസ്സാരമായ വരുമാനത്തിൽനിന്ന് 500 ഫ്രാങ്ക് സീ എഫ്.എ ചന്ദ നല്കി. അദ്ദേഹം പറയുന്നു: അഹ്മദിയ്യാ ജമാഅത്തിൽ ചേരലും ചന്ദകൾ കൊടുക്കലുംകൊണ്ട് ആദ്യം തൊഴിലൊന്നും നല്ല രീതിയിൽ നടന്നില്ല. പക്ഷേ, ചന്ദയുടെ അനുഗ്രഹത്താൽ തൊഴിലിൽ അല്ലാഹു അസാധാരണമായ അനുഗ്രഹം ചൊരിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയുമാണ്. (ആദ്യം അദ്ദേഹം തഹ്‌രീക്കെ ജദീദിൽ 500 കൊടുത്തിരുന്നു). ഇപ്പോൾ അഞ്ഞൂറിന് പകരം 35,000 ഫ്രാങ്ക് സീ എഫ്എ മാസന്തോറും അദ്ദേഹം ചന്ദ കൊടുക്കുന്നു. അദ്ദേഹത്തിന്റെ അനഹ്മദികളായ സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ വരുമാന വർധനകണ്ട് ജമാഅത്താണ് അദ്ദേഹത്തെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു.

ഫ്രാൻസിൽ(France)നിന്ന് ഒരു പുതിയ അഹ്മദി ഹംസാ സാഹിബ് എഴുതുന്നു: ബയ്അത്ത് ചെയ്തതിനുശേഷം ജമാഅത്തിൽ ചന്ദ വ്യവസ്ഥിതിയുള്ളത് ഞാൻ അറിഞ്ഞപ്പോൾ എന്റെ സാമ്പത്തികാവസ്ഥകൾ വളരെ ദുർബലമായിരുന്നു. ചന്ദയിൽ വലിയ ബർക്കത്തുകളാണുള്ളതെന്നും അല്ലാഹു അതിന് പകരമായി പലയിരട്ടി വർധിപ്പിച്ച് മടക്കിത്തരുമെന്നും ചില അഹ്മദി സ്നേഹിതന്മാർ എന്നോടു പറഞ്ഞു.' അദ്ദേഹം പറയുന്നു: 'എന്തായാലും എന്റെ കൈയിൽ അപ്പോൾ 60 യൂറോ ആണ് ഉണ്ടായിരുന്നത്. അത് അല്ലാഹുവിന്റെ വഴിയിൽ കൊടുക്കാമെന്നും ബാക്കിയെന്താണോ ഉണ്ടാകുന്നത് അപ്പോൾ നോക്കാമെന്നും ഞാൻ വിചാരിച്ചു. ചന്ദ കൊടുത്തിട്ട് അല്പദിവസമേ കഴിഞ്ഞുള്ളൂ. എന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് വീട്ടിൽ വന്നു. എന്റെ അക്കൗണ്ടിൽ 600 യൂറോ എവിടെനിന്നോ വന്നിട്ടുള്ളതായി ഞാൻ കണ്ടു. അന്വേഷിച്ചപ്പോൾ സർക്കാർ അവരുടെ രേഖകളിൽ ചേർക്കാൻ വിട്ടുപോയ എന്റെ 600 യൂറോയാണ് കിട്ടിയതെന്ന് മനസ്സിലായി. ഇങ്ങനെ ഏതൊരു തുകയാണോ ചന്ദയായി നല്കിയത് അതിനെ പലയിരട്ടിയായി വർധിപ്പിച്ച് അല്ലാഹു എനിക്ക് മടക്കിത്തന്നു. അത് എന്റെ സങ്കല്പത്തിൽപോലും ഉണ്ടായിരുന്നില്ല.'

ടാൻസാനിയാ(Tanzania) യിലെ അമീർ സാഹിബ് എഴുതുന്നു: അഹ്മദ് ഥാനീ സാഹിബ് ഡോഡോമ (Dodoma) റീജിയണുമായി ബന്ധപ്പെട്ടയാളാണ്; മൂസിയുമാണ്. അദ്ദേഹം തന്റെ വാഗ്ദാനം അമ്പതിനായിരം ഷെല്ലിംഗ് എഴുതിച്ചിരുന്നു. അത് വളരെ മുമ്പേ കൊടുത്തുവീട്ടുകയും ചെയ്തിരുന്നു. കഴിഞ്ഞവർഷം അദ്ദേഹം, ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയിരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. മണ്ണിൽനിന്ന് സ്വർണം കുഴിച്ചെടുക്കുന്ന ജോലിയാണോ താങ്കൾ ചെയ്യുന്നതെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതേ, പക്ഷേ, ഈ ജോലി ശരിയായ നിലയിൽ നടക്കുന്നി ല്ല. പറയുന്നു: പിന്നീട് ഞാൻ അദ്ദേഹത്തെ നോക്കി. ഒപ്പംതന്നെ എവിടെന്നോ തഹ്‌രീക്കെ ജദീദിന്റെ ചന്ദ വർധിപ്പിക്കുക എന്ന അശരീരി കേട്ടു. ഥാനീ സാഹിബ് വൈദ്യത്തിന്റേയും ആയുർവേദമരുന്നുകളുടേയും പണിയെടുക്കുന്നയാളാണ്. വലിയ വിദഗ്ദ്ധനുമാണ്. അദ്ദേഹം പറയുന്നു: ഈ സ്വപ്നത്തിനുശേഷം അല്ലാഹു അദ്ദേഹത്തിന്റെ കൈയിൽ അസാധാരണമായ അനുഗ്രഹമിട്ടു. കഴിഞ്ഞ ഒരുമാസംകൊണ്ട് ദൂരദൂരനിന്ന് രോഗികൾ ഇദ്ദേഹത്തിന്റെ അടുക്കൽ വരാൻ തുടങ്ങി. വരുമാനത്തിൽ അസാധാരണമായ വർധന ഉണ്ടാകാൻ തുടങ്ങി. പറയുന്നു: ഈ സ്വപ്നം കണ്ടതിനുശേഷം കഴിഞ്ഞ ഒരു മാസത്തിൽ അദ്ദേഹം നാലു ലക്ഷത്തി ഇരുപത്തിയേഴായിരം ഷെല്ലിംഗ് തഹ്‌രീക്കെ ജദീദിൽ കൂടുതൽ ചന്ദ കൊടുത്തു. തന്റെ റീജിയണിൽ ഇദ്ദേഹമാണിപ്പോൾ ഏറ്റവും കൂടുതൽ ചന്ദ കൊടുക്കുന്നത്.

ഇന്ത്യയിൽ ബാംഗ്ലൂരിൽ ഒരു ചെറുപ്പക്കാരനുണ്ട്. വളരെ സത്യസന്ധനായ അദ്ദേഹത്തിന് ജോലിയൊന്നുമുണ്ടായിരുന്നില്ല. അക്കാരണത്താൽ വീട്ടിലേക്ക് മാസന്തോറും കൊടുക്കാറുള്ളതും കൊടുക്കാൻ കഴിഞ്ഞില്ല. തഹ്‌രീക്കെ ജദീദ് ഇൻസ്പെക്ടർ സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽപോയി. പക്ഷേ, സെക്രട്ടറി അവരുടെ അവസ്ഥകളെക്കുറിച്ച് എന്നോട് പറഞ്ഞപ്പോൾ ഞാൻ നിശ്ശബ്ദനായി. ഒന്നും സംസാരിച്ചില്ല. എന്നാൽ, താങ്കളെന്തോ പറയാൻ പോകുകയായിരുന്നല്ലോ എന്ന് അദ്ദേഹം എന്നോടു ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'എനിക്ക് നിങ്ങളുടെ അവസ്ഥകളെക്കുറിച്ച് അറിയില്ലായിരുന്നു. ഞാൻ താങ്കളിൽനിന്ന് 1 ലക്ഷം രൂപ തഹ്‌രീക്കെ ജദീദിന്റെ വാഗ്ദാനം എടുക്കാൻ തീരുമാനിച്ചതാണ്. പക്ഷേ, ഇപ്പോൾ താങ്കളുടെ അവസ്ഥകളറിഞ്ഞപ്പോൾ ഞാൻ മിണ്ടാതിരുന്നതാണ്. ഇനി താങ്കളുടെ കഴിവനുസരിച്ച് എന്താണെന്നുവെച്ചാൽ എഴുതിക്കുക.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾ 1 ലക്ഷം രൂപ വാഗ്ദാനം എഴുതിക്കൊള്ളുക. അല്ലാഹുവിൽ ഞാൻ ഭരമേല്പിക്കുകയാണ്. ഇൻശാ അല്ലാഹ്. അതിന്റെ അടവ് നടന്നുകൊള്ളും.' അങ്ങനെ അല്ലാഹു അനുഗ്രഹിച്ചു. വീണ്ടും അദ്ദേഹത്തിന് ഉദ്യോഗം കിട്ടി. വളരെ ഉയർന്ന ഉദ്യോഗമാണ് കിട്ടിയത്. അദ്ദേഹം രണ്ടുവർഷത്തെ വാഗ്ദാനവും പൂർത്തിയാക്കി; കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും.

മായൂട്ടി ഒരു ഐലന്റാണ്. അവിടെത്തെ മുബ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ല്ലിഗ് എഴുതുന്നു: ഇത് വലിയ ദരിദ്ര രാഷ്ട്രമാണ്. വളരെ കഷ്ടപ്പെട്ട്, ജനങ്ങൾ തങ്ങളുടെ വീട്ടിലെ പച്ചക്കറികളും മറ്റും വിറ്റിട്ടാണ് ജീവിക്കുന്നത്. ഒരു അഹ്മദി സുഹൃത്ത് റാബിയോൺ(Rabion) സാഹിബ് ഒരു മോട്ടോർ സൈക്കിൾ കടയിലെ തൊഴിലാളിയാണ്. ഏറ്റവുമധികം ചന്ദയും കൊടുക്കുന്നു. അദ്ദേഹം പറയുന്നു: അത്ഭുതകരമായ ഒരു പരമ്പരയാണിത്! ഞാൻ എത്ര ചന്ദ കൊടുക്കുന്നുവോ മാസത്തിന്റെ അവസാനം അതിന്റെ ഇരട്ടി തുക എനിക്ക് തിരിച്ചു കിട്ടുന്നു. പറയുന്നു: ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ ചോദിച്ചു: 'നിങ്ങളെന്തിനാണ് ഇത്രയധികം ചന്ദ കൊടുക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഈ ചന്ദ ഇരട്ടിയാക്കി എനിക്ക് മടക്കിത്തരുന്നു. അതുകൊണ്ട് ഞാൻ കൊടുക്കുകയും ചെയ്യുന്നു.' പിന്നീട് അദ്ദേഹം തന്റെ ഭാര്യയുടെ മുന്നിൽവച്ചുതന്നെ ചന്ദയുടെ ഒരു ഭാഗം കൊടുത്തു. 'നീ കണ്ടോ! അല്ലാഹു തീർച്ചയായും ഈ തുക എനിക്ക് മടക്കിത്തരുമെന്ന് പറയുകയും ചെയ്തു.' അങ്ങനെതന്നെ സംഭവിച്ചു. മാസത്തിന്റെ അവസാനം കടയിലെ മുതലാളി തന്റെ എല്ലാ തൊഴിലാളികൾക്കും ബോണസ് നല്കി. ബോണസായി അദ്ദേഹത്തിന് ലഭിച്ച തുക ചന്ദ കൊടുത്ത തുകയേക്കാൾ കൂടുതലായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗത്തിൽ നിത്യവും ഉയർന്നുകൊണ്ടേ പോകുകയാണ്.

കനഡയിൽനിന്ന് അമീർ സാഹിബ് എഴുതുന്നു: ലജ്നയുടെ സെക്രട്ടറി തഹ്രീക്കെ ജദീദ് പര്യടനത്തിനിടയിൽ സഹോദരിമാരോടു പറഞ്ഞു: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ആഹ്വാനം ചെയ്തപ്പോൾ തുടക്കത്തിൽ പറഞ്ഞത് നിങ്ങളുടെ ശമ്പളം പകുതിയോ മുഴുവനായോ തഹ്രീകെ ജദീദിൽ കൊടുക്കാനാണ്. പറയുന്നു: പാർട്ട് ടൈം ജോലി ചെയ്യുന്ന ഒരു സഹോദരി, മുഴുവൻ ശമ്പളവും തഹ്രീക്കെ ജദീദിൽ ചന്ദ നല്കാൻ സാധിക്കുന്നതിന് തനിക്ക് സ്ഥിരം ജോലി കിട്ടണമെന്നുള്ള ആഗ്രഹക്കാരിയായിരുന്നു. അങ്ങനെ അവർക്ക് സ്ഥിരം ജോലികിട്ടി. 5000 ഡോളർ ശമ്പളം നിശ്ചയിക്കപ്പെട്ടു. അത് അവർ തഹ്രീക്കെ ജദീദിൽ കൊടുത്തു. ഇതുപോലെ മറ്റനേകം ഉദാഹരണങ്ങളുണ്ട്.

അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തിന്റെ തുടക്കം മുതൽ ഇന്നുവരെ ആത്മാർഥരായ പഴയ അഹ്മദികളും, പുതിയതായി വരുന്ന ധാരാളം അഹ്മദികളും അല്ലാഹുവിന്റെ പെരുമാറ്റവും അവന്റെ വാഗ്ദാനങ്ങളും അനുഭവിക്കുന്നവരാണ്. അവരുടെ ത്യാഗങ്ങളുടെ സംഭവങ്ങൾ ഞാൻ കേൾപ്പിച്ചു. ഇക്കാലഘട്ടത്തിൽ പ്രത്യേകമായ നിലയിൽ ത്യാഗങ്ങളുടെ വിഷയവും അഹ്മദിയ്യാ ജമാഅത്തിന്റെ തന്നെ ഒരു പ്രത്യേക തിരിച്ചറിവാണ്.

ഇക്കാലം ഇസ്ലാമിന്റെ പ്രചാരണസമ്പൂർത്തീകരണത്തിന്റെ കാലമാണെന്നും അതിനുവേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിനെ അയച്ചിട്ടുള്ളതെന്നും ദൈവകൃപയാൽ അഹ്മദികളിലെ ഭൂരിഭാഗവും ഗ്രഹിച്ചിട്ടുള്ളവരാണ്. അത് വിശുദ്ധഖുർആനിന്റേയും അതിന്റെ തർജമയുടേയും പ്രസിദ്ധീകരണത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തിന്റെ സാഹിത്യങ്ങളും വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. മസ്ജിദുകൾ നിർമിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. മിഷൻഹൗസുകൾ സ്ഥാപിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. ജാമിഅകൾ സ്ഥാപിക്കുന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാലത്ത് ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും ഇന്തൊനീഷ്യ(Indonesia)യിലും ജാമികൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെനിന്ന് മുറബ്ബിമാരും മുബല്ലിഗുമാരും പഠിച്ചുപാസായി ഇസ്ലാമിക പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും അഹ്മദികൾ അറിയുമ്പോൾ അതിനുവേണ്ടി സാമ്പത്തികത്യാഗത്തിന്റെ ആവശ്യമുണ്ടെന്നും അവർക്കറിയാം. അപ്പോൾ അവർ സാമ്പത്തികത്യാഗവും ചെയ്യുന്നു. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദും(അ) സൃഷ്ടികളോടുള്ള സഹതാപവും ഈമാനിന്റെ ഭാഗമാണെന്നും പറഞ്ഞു. ഈ സഹതാപമനുസരിച്ച് ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കുന്നതിനു പുറമേയും ജമാഅത്തിൽ സഹായിക്കുന്നതിനുള്ള വ്യവസ്ഥിതിയുണ്ട്. ഇതെല്ലാം ആത്മാർഥരായവരുടെ ത്യാഗങ്ങൾ മുഖേനയാണ് നടന്നു വരുന്നത്. തങ്ങളുടെ ത്യാഗങ്ങളെ ഈ ലോകത്തും പരലോകത്തും അല്ലാഹു അനുഗ്രഹിക്കുമെന്ന് അവനിൽ ദൃഢവിശ്വാസമുള്ളവർക്കറിയാം. ഇൻശാഅല്ലാഹ്. ഇതിൽ എവിടെയെങ്കിലും കുറവുണ്ടെങ്കിൽ സംഘാടകർ അത് ജനങ്ങളോട് പറയാത്തതാണെന്ന് തീർച്ചയായും കാണപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി പറയുകയാണെങ്കിൽ ജനങ്ങളുടെ ശ്രദ്ധയും ഉണ്ടാകുന്നതായിരിക്കും. ജനങ്ങളോട് പറയുന്നതിനെ സംബന്ധിച്ച് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"നമ്മുടെ ജമാഅത്തിന് എന്തെങ്കിലും ചന്ദയുടെ ആവശ്യമുണ്ടെന്ന് മിക്കയാളുകളോടും ഇതുവരെ പറഞ്ഞിട്ടുപോലുമില്ല എന്നതും സന്ദർഭോചിതം പറയേണ്ടിവരുന്നു." അവിടന്ന് പറയുന്നു: ധാരാളം ആളുകൾ കരഞ്ഞുകരഞ്ഞ് ബയ്അത്ത് ചെയ്തിട്ട് പോകുന്നു. അവരോട് പറയുകയാണെങ്കിൽ തീർച്ചയായും അവർ ചന്ദകൾ നല്കും. പ്രേരിപ്പിക്കേണ്ടത് നിർബന്ധമാണ്.' അവിടന്ന് പറഞ്ഞു: 'ബലഹീനരായ എല്ലാ സഹോദരങ്ങളേയും ചന്ദയിൽ ചേർക്കുക."(മൽഫൂദാത്ത് വാല്യം 6 പേജ് 41 അടിക്കുറിപ്പ് 1985 ലണ്ടൻ പതിപ്പ്) (പരസ്പരം ചന്ദ കൊടുക്കാൻ പറയുക). ഞാൻ പറഞ്ഞതുപോലെ ഇക്കാര്യം ഇന്നും തികച്ചും ശരിയാണ്. പറയുമ്പോൾ അതിലേക്ക് ജനങ്ങളുടെ ശ്രദ്ധയുണ്ടാകുന്നു. അതുകൊണ്ടാണ് തഹ്രീക്കെ ജദീദിലെയും വഖ്ഫെ ജദീദിലേയും അംഗസംഖ്യ വർധിപ്പിക്കാൻ ഞാൻ പറഞ്ഞപ്പോൾ അവരുടെ അംഗസംഖ്യയും വർധിച്ചുകൊണ്ടിരിക്കുന്നത്. ത്യാഗത്തിന്റെ ഒരു ആവേശവും വികാരവും അഹ്മദികുട്ടികളിലും കണ്ടുവരുന്നു.

കെനിയായിലെ നക്കോറോയിൽനിന്ന് മുറബ്ബി സാഹിബ് എഴുതുന്നു: ഇപ്പോഴത്തെ അവിടെത്തെ സദ്ർ അബൂബക്കർ കയ്ബി സാഹിബ് കെനിയാ ഡിഫൻസ് ഫോർസിൽ സർജന്റ് എന്ന നിലയിൽ ജോലി ചെയ്യുകയാണ്. ഇദ്ദേഹം വളരെ മുഖ്ലിസായ അഹ്മദിയാണ്. മസ്ജിദിൽനിന്ന് ദൂരെയുള്ള ക്യാമ്പ് ഏരിയായിൽ താമസിച്ചിട്ടും മുടങ്ങാതെ ദീർഘമായ യാത്ര ചെയ്ത് ജുമുഅ നമസ്കാരത്തിന് നിർബന്ധമായും എത്താറുണ്ട്. തന്റെ കൂടെ മൂന്ന് പെൺമക്കളേയും കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്; കൊണ്ടുവരാറുമുണ്ട്. ക്യാമ്പിലുള്ള തന്റെ വീട്ടിൽ പ്രത്യേകമായും എം.ടി.എയുടെ ഡിഷ് സ്ഥാപിച്ചിട്ടുണ്ട്. സ്വയം കാണുകയും തന്റെ കൂടെ ജോലി ചെയ്യുന്ന പട്ടാളക്കാരെ മിക്കപ്പോഴും പരിപാടി കാണിക്കുകയും ചെയ്യാറുണ്ട്. മുറബ്ബി സാഹിബ് പറയുന്നു: 'ഞാൻ കുറച്ചുകാലമായി എല്ലാ ഖുത്ബയിലും തഹ്രീക്കെ ജദീദിന്റെ പ്രാധാന്യത്തെ എടുത്തുപറയാറുണ്ട്.' കുറച്ചു ദിവസം മുമ്പേ ജുമുഅ നമസ്കാരത്തിനുശേഷം അദ്ദേഹം മുറബ്ബി സാഹിബിനോടു പറഞ്ഞു, 'എന്റെ പെൺമക്കളും ഈ ഖുത്ബ കേൾക്കാറുണ്ട്. ഈ മാസം ഒരു അതിഥി എന്റെ വീട്ടിൽ വന്നു. അദ്ദേഹം തിരിച്ചുപോകുമ്പോൾ എന്റെ ചെറിയ മകൾ അഞ്ചുവയസ്സുമാത്രമുള്ള സമീറായുടെ കൈയിൽ 25 ഷെല്ലിംഗ് പിടിപ്പിച്ചു. അതിഥി പോയപ്പോൾ ഈ മകൾ എന്റെ അടുക്കൽ വന്നു. ഇത് തന്റെ പേരിൽ തഹ്രീക്കെ ജദീദിൽ ചന്ദ കൊടുക്കുക എന്ന് പറഞ്ഞ് 20 ഷെല്ലിംഗ് എനിക്ക് തന്നു. ബാക്കിയുള്ള 5 ഷെല്ലിംഗിന് താൻ എന്തെങ്കിലും തിന്നാൻ വാങ്ങുന്നതാണെന്നും പറഞ്ഞു."

ലൈബീരിയായിലെ മുബല്ലിഗ് എഴുതുന്നു: തഹ്രീക്കെ ജദീദിന്റെ കളക്ഷന്നിടയിൽ ഞങ്ങൾ മാഗിമ (Magima) ജമാഅത്തിലെ ഒരു വീട്ടിലെത്തി. തഹ്രീക്കെ ജദീദ് എന്താണെന്ന് അവരോട് പറഞ്ഞു. അതിൽ ചെറിയവരും വലിയവരുമായ എല്ലാവർക്കും പങ്കെടുക്കാമെന്നും നിങ്ങളുടെ കഴിവിനനുസരിച്ച് ചന്ദ കൊടുക്കാവുന്നതാണെന്നും പറഞ്ഞു. ആ വീട്ടിൽ ഒരു ചെറിയ പെൺകുട്ടി ഉണ്ടായിരുന്നു. 6,7 വയസ്സുണ്ടാകും. പേര് ബിന്റോ സമാവേര(Binto Samawera) എന്നായിരുന്നു. കുട്ടയിൽ ചെറിയ ചെറിയ സാധനങ്ങൾ വിറ്റു കളിക്കുകയായിരുന്നു. ഞങ്ങളുടെ സംസാരം കേട്ട് കുട്ടികൾക്കും കുറച്ചു പൈസ കൊടുത്ത് അതിൽ പങ്കെടുക്കാമോ? എന്ന് അവൾ ചോദിച്ചു. കുട്ടികൾക്കും പങ്കെടുക്കാമെന്ന് ഞങ്ങൾ പറഞ്ഞു. ഇതു കേട്ടപാടെ അവൾ അകത്തേക്കോടി 20 ലൈബീരിയൻ ഡോളറുമായി വന്നു. എന്റെ കൈയിൽ ഇതുമാത്രമേയുള്ളൂവെന്നും എന്നേയും ചേർക്കുകയെന്നും പറഞ്ഞു. അവളുടെ ആ നിഷ്ക്കളങ്കമായ പ്രവർത്തിയിൽ അവളുടെ മാതാപിതാക്കളും ചന്ദ നല്കി.

അതിനാൽ ഈ ത്യാഗത്തിന്റെ ഉദാഹരണങ്ങൾ കേവലം അഹ്മദികളുടെ പ്രത്യേകതയാണ്; അവർ കുട്ടികളാകട്ടെ മുതിർന്നവരാകട്ടെ ലോകത്തിന്റെ ഏത് ഭാഗത്തും വസിക്കുന്നവരാകട്ടെ. കുട്ടികളുടെ ത്യാഗങ്ങൾ യഥാർഥത്തിൽ സൽപ്രകൃതത്തിന്റെ ശബ്ദമാണ്. അല്ലാഹുവിനുവേണ്ടി ത്യാഗങ്ങളുടെ ആവേശവും വികാരവും ഉൾക്കൊള്ളുന്നവരും തങ്ങളുടെ പ്രതിജ്ഞകൾ പൂർത്തീകരിക്കുന്നവരുമായ അത്തരം കുട്ടികളും മുതിർന്നവരും ഖിയാമത്തുനാൾവരെ ജമാഅത്തിൽ ഉണ്ടായിക്കൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

നവംബറിലാണ് തഹ്രീക്കെജദീദിന്റെ പുതുവർഷം വിളംബരം ചെയ്യുന്നത്. ഇന്ന് ഞാൻ തഹ്രീക്കെജദീദിന്റെ 84–ാമത് വർഷാരംഭം വിളംബരം ചെയ്തുകൊണ്ട് കഴിഞ്ഞവർഷത്തെ കുറച്ചുകാര്യങ്ങളും അവതരിപ്പിക്കുകയാണ്. തഹ്രീക്കെജദീദിന്റെ 83–ാമത് വർഷം അവസാനിച്ചു. 84–ാം വർഷം ഞാൻ പറഞ്ഞതുപോലെ നവംബർ ഒന്നുമുതൽ ആരംഭിച്ചു. ഇതുവരെ ലഭിച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ച് ഈ വർഷം തഹ്രീക്കെ ജദീദിന്റെ സാമ്പത്തികവ്യവസ്ഥിതിയിൽ ഒരു കോടി ഇരുപത്തിയഞ്ചുലക്ഷത്തി എൺപതിനായിരം (12,580,000) പൗണ്ട് സാമ്പത്തികത്യാഗം ചെയ്യാൻ ജമാഅത്തിന് തൗഫീഖ് കിട്ടി. അൽഹംദുലില്ലാഹ്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് അല്ലാഹുവിന്റെ കൃപയാൽ ഈ അടവ് പതിനഞ്ചുലക്ഷത്തി നാല്പത്തിയയ്യായിരം(15,45000) പൗണ്ട് അധികമാണ്. മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ പാക്കിസ്താനെ ഒഴിച്ച് ജർമനി ഒന്നാം സ്ഥാനത്താണ്. ജർമനിയിൽ മസ്ജിദുകളുടെ നിർമാണത്തിനും ജനങ്ങൾ വളരെ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഖുദ്ദാമും അൻസാറും ലജ്നയും വലിയ വലിയ തുകകളാണ് തങ്ങളുടെ ഉത്തരവാദിത്വമായി ഏറ്റെടുത്തിട്ടുള്ളത്. ഏകദേശം മൂന്നു മില്യൺ യൂറോ ഇതിനുവേണ്ടി അവർ സ്വരൂപി

ച്ചുകൊണ്ടിരിക്കുന്നു. അത്രവലിയ സമ്പന്നരും അവിടെയില്ല. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ അവരിൽ ത്യാഗത്തിന്റെ വികാരം ധാരാളമുണ്ട്. അല്ലാഹു അവരുടെ ധനത്തിൽ ഐശ്വര്യം ഉണ്ടാക്കുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ.

രണ്ടാം സ്ഥാനം ബ്രിട്ടൻ, മൂന്നാം സ്ഥാനം അമേരിക്ക, നാലാം സ്ഥാനം കാനഡ, അഞ്ചാം സ്ഥാനം ഇന്ത്യ, ആറാം സ്ഥാനം ആസ്ത്രേലിയ, ഏഴാം സ്ഥാനം ഇന്തൊനീഷ്യ(Indonesia), എട്ടാം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. ഇപ്രകാരംതന്നെ ഒൻപതാം സ്ഥാനവും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പത്താം സ്ഥാനത്തുള്ളത് ഘാനയാണ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ ഒന്നും രണ്ടും സ്ഥാനത്തുള്ളത് മിഡിൽ ഈസ്റ്റിലെ ജമാഅത്തുകളാണ്. പിന്നീട് സ്വിറ്റ്സർലൻഡ്(Switzerland), യു.കെ(U.K). യു.കെ യിൽ പങ്കെടുക്കുന്നവരുടെ എണ്ണം അവരുടെ ജൽസയിൽ പങ്കെടുക്കുന്നവരെക്കാൾ കുറവാണ്. വാസ്തവത്തിൽ ജൽസയിലും എല്ലാ അംഗങ്ങളും പങ്കെടുക്കാറില്ല. ഇതിന്റെ അർഥം ഈ ഭാഗത്തേക്ക് ശരിയായ നിലയിൽ ശ്രദ്ധ ഉണ്ടാകുന്നില്ലെന്നാണ്. പിന്നീട് അഞ്ചാം സ്ഥാനത്ത് അമേരിക്കയാണ്. ആറാം സ്ഥാനത്ത് ആസ്ത്രേലിയ, ഏഴാം സ്ഥാനത്ത് ജർമനി. ജർമനിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം അവരുടെ ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തോടു അടുത്താണ്. ഇതിന്റെ അർഥം അവിടെ സെക്രട്ടറി തഹ്രീക്കെ ജദീദും ബന്ധപ്പെട്ട സെക്രട്ടറിമാരും ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി നല്ലവണ്ണം ശ്രമിച്ചുവെന്നാണ്. എട്ടാം സ്ഥാനത്ത് സ്വീഡൻ (Sweden), പിന്നീട് നോർവെ(Norway), പിന്നീട് കനഡ (Canada).

ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ ഘാനയാണ് (Ghana)ഒന്നാം സ്ഥാനത്തുള്ളത്. പിന്നീട് നൈജീരിയ (Nigeria), മാലി (Mali), നാലാം സ്ഥാനം കാമറൂൺ(Cameroon), ലൈബീരിയ (LIberia), പിന്നീട് ബെനിൻ.

പങ്കെടുക്കുന്നവരുടെ മൊത്തം എണ്ണം വർധിപ്പിക്കുന്നതിലും സമ്മർദം ചെലുത്താൻ ഞാൻ കുറച്ചു വർഷങ്ങളായി പറഞ്ഞുവന്നതാണ്. തുക എന്തായാലും അടഞ്ഞുകൊണ്ടിരിക്കും. എല്ലാവരിൽനിന്നും ചന്ദ വസൂൽ ചെയ്യേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതാണ്; ഒരു പൈസയായാലും വേണ്ടില്ല; പലതുള്ളികൾ ചേർന്ന് നദിയുണ്ടാകുന്നതുപോലെ! ഇപ്രകാരം ഓരോരോ പൈസയിലൂടേയും നല്ല തുക കൂട്ടപ്പെടുന്നതാണ്. (മൽഫൂദാത്ത് വാല്യം 6 പേജ് 40, 1985 ലണ്ടൻ പതിപ്പ്)

എന്തായാലും ഞാൻ അംഗങ്ങളെ വർധിപ്പിക്കാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ കൃപയാൽ പങ്കെടുത്തവർ ഈ വർഷം പതിനാറുലക്ഷത്തിലധികമാണ്. ഈ വർഷം ദൈവകൃപയാൽ പുതിയതായി രണ്ടുലക്ഷം അംഗങ്ങൾ ചേർന്നു. ഇതിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ വർധന ഉണ്ടാക്കിയവരിൽ നൈജീരിയ (Nigeria)യാണ് ഏറ്റവും മുന്നിൽ. ഇവിടെ അമ്പത്തിയേഴായിരം പുതിയ ആളുകളാണ് ചന്ദ വ്യവസ്ഥിതിയിൽ ചേർന്നത്. അതിനുശേഷം കാമറൂൺ(Cameroon). ഇവിടെ ഇരുപത്തിമൂവായിരംപേർ പുതിയതായി ചേർന്നു. പിന്നീട് ബെനിൻ (Benin), ഐവറികോസ്റ്റ്(Ivory coast), നൈജർ(Niger), ഗിനികൊണാക്രി(Guinea Conakry), മാലി(Mali), ഗിനി-ബിസോ(Guinea-Bissau), ഗാംബിയാ(Gambia), സെനഗൽ (Senegal), ബുർക്കിനാ ഫാസോ (Burkina Faso) പ്രത്യേകം സ്മരണീയമാണ്. ആഫ്രിക്കക്കു പുറമെ വെളിയിലുള്ള ജമാഅത്തുകളിൽ ഇന്തൊനീഷ്യ(Indonesia)ഒന്നാം സ്ഥാനത്താണ്. പിന്നെ ജർമനി(Germany), യു.കെ(U.K), ഇന്ത്യാ, അമേരിക്കയും കനഡയും- ഇവരുടെ അംഗസംഖ്യയും വർധിച്ചിട്ടുണ്ട്. എന്തായാലും അംഗസംഖ്യാ വർധനവിന് ഇനിയും ഒരുപാട് സാധ്യതകളുണ്ട്. ഇതിലേക്ക് ജമാഅത്തംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

പാക്കിസ്താനിൽ അവിടെത്തെ ഇമാറത്തുകളിൽ സംവിധാനം അല്പം മാറിയിട്ടുണ്ട്. അതുകൊണ്ട് ജില്ലയ്ക്കുപകരം ആദ്യത്തെ നഗരജമാഅത്തുകളുടെ ത്യാഗത്തിന്റെ ചാർട്ടുകളാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിതാണ്; റബ്‌വ ഒന്നാം സ്ഥാനം. പിന്നീട് ഇസ്‌ലാമാബാദ്, ലാഹോർ ടൗൺ ഷിപ്പ്, കറാച്ചിയിലെ അസീസാബാദ്, പിന്നീട് ദില്ലിഗേറ്റ് ലാഹോർ, റാവൽപിണ്ടി നഗരം, മുൽത്വാൻ, പെശാവർ, കോയിട്ട, ദുജറൻവാല.

പാക്കിസ്താനിൽ ജില്ലാ തലത്തിൽ കൂടുതൽ ത്യാഗം ചെയ്ത ജില്ലകൾ: സർഗോദ, ഫയ്സലാബാദ്, മൂന്ന് ഉമർകോട്ട്, നാല് ഗുജ്റാത്ത്, അഞ്ച് നാരോവാൽ, ആറ് ഹൈദ്രബാദ്, ഏഴ് മീർ പൂർ ഖാസ്, എട്ട് ബഹാവൽപൂരും ഒക്കാഡയും- ഇവർ രണ്ടും തുല്യരാണ്. ഒമ്പത് ടൂബ ടീക് സിംഗ്, പത്ത് കോട്‌ലി ആസാദ് കശ്മീർ.

ജർമനിയിലെ ആദ്യസ്ഥാനത്തുള്ള പത്തു ജമാഅത്തുകൾ: ഒന്ന് നോയിസ്, Rdermark (ഡർമാർക്ക്), weingarten (വിംഗാർട്ടൻ), Neida (നീഡാ), പന്നേ ബർഗ്, മഹ്ദിയാബാദ്, ഹൈഡൽ ബർഗ്, Iimburg (ലിംബർഗ്), കീൽ, ഫ്ലോറസ് ഹൈം,

ഇവരുടെ 10 വലിയ ഇമാറത്തുകൾ ഇവയാണ്: ഹംബർഗ്, ഫ്രാങ്ക്ഫർട്ട്, മോർഫീൽഡൻ, ഗ്രാസ്ഗ്രാവ്, വേസ് ബാദൻ, ഡ്ട്സൺബാഖ്, മൻഹൈം, റെഡ്ഷറ്റഡ്, ഡാറംഷറ്റഡ്, ഓഫൺബാഖ്.

അടവിന്റെ അടിസ്ഥാനത്തിൽ 10 വലിയ ജമാഅത്തുകൾ: ഒന്നാം സ്ഥാനം മസ്ജിദ് ഫള്ൽ, വോസ്റ്റർ പാർക്, ബ്രഹ്മിംഗ്ഹം സൗത്ത്, ബ്രഡ്ഫോർഡ് നോർത്ത്, പട്ട്നി, ഗ്ലാസ്ഗോ, ഇസ്‌ലാമാബാദ്, ന്യൂ മോൾഡൺ, ജലിംഗ്ഹം, സെകൻഥോറപ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അവിടെത്തെ ആദ്യത്തെ 5 റീജ്യൺസ്: സൗത്ത് വെസ്റ്റ്, നോർത്ത് ഈസ്റ്റ്, മൂന്ന് ഇസ്‌ലാമാബാദ്, മിഡ്‌ലാൻഡ്സ്, സ്കോട്ട്‌ലാന്റ്.

അമേരിക്കയിലെ ജമാഅത്തുകൾ: ഒന്നാം സ്ഥാനം സിലിക്കോൺവാലി, രണ്ടാം സ്ഥാനം ഓഷ്ക്കോശ് (Oshkosh), മൂന്ന് സീട്ടൽ(Seattle), നാല് ഡെട്രായ്റ്റ്, അഞ്ച് യാറിക്, ആറ് ലോസ്ഏഞ്ചൽസ് ഈസ്റ്റ്, ഏഴ് സ്ലോർ സ്പ്രിംഗ്സ്, എട്ട് സെന്ററൽ ജർസി, ഷിക്കാഗോ സൗത്ത് വെസ്റ്റ്, അറ്റ്ലാന്റ, ലോസ്ഏഞ്ചൽസ് ഇൻലാന്റ്

അടവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ ലോക്കൽ ഇമാറത്തുകൾ; ദാൻ, പീസ് വില്ലേജ്, ബ്രാംടൺ, വെങ്കൂർ, മെസ്സിസാഗ.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്ന് കേരള, രണ്ട് കർണാടക, മൂന്ന് ജമ്മുകാശ്മീർ, നാല് തെലുങ്കാന, അഞ്ച് തമിഴ്നാട്, ആറ് ഒഡീശ, ഏഴ് പഞ്ചാബ്, എട്ട് ബംഗാൾ, ഒമ്പത് ദില്ലി, പത്ത് മഹാരാഷ്ട്ര.

പത്ത് വലിയ ജമാഅത്ത്- കോഴിക്കോട്(കേരള), പത്തപ്പിരിയം(കേരള), ഖാദിയാൻ, ഹൈദ്രാബാദ്, കൊൽക്കത്ത, ബാംഗ്ലൂർ, കണ്ണൂർ ടൗൺ, പഴയങ്ങാടി, മാത്തോട്ടം, കരുളായി.

ആസ്ത്രേലിയായിലെ ആദ്യത്തെ 10 ജമാഅത്തുകളിൽ ഒന്ന് കാസിൽഹിൽ, മൽബറൺ, ബ്രോക്, ACT കനീസാ, മാസ്ഡൻ പാർക്ക്, ബർസബീൻ, ലോഗൺ, എഡീൽഡ് സൗത്ത്, പ്ലംബ്ടൺ, മൽബറൺ ലോംഗ് വാറൺ, മൽബറൺ ഈസ്റ്റ്.

അല്ലാഹു ഈ പങ്കെടുത്ത എല്ലാവരുടേയും ധനത്തിലും ആയുസിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഇതിനുശേഷം പറഞ്ഞു: ഹ്രസ്വമായി മറ്റൊരു സാമ്പത്തികാഹ്വാനവും ചെയ്യാൻ ആഗ്രഹിക്കുകയാണ്. അത് യു.കെ(UK)യ്ക്ക് പൊതുവായിട്ടുള്ളതാണ്. ലോകത്തിലെ സമ്പന്നർക്കും കഴിവുള്ളവർക്കും വേണ്ടിയുള്ളതാണ്. മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിന്റെ അഗ്നിബാധയുണ്ടായ ഭാഗത്തിന്റെ പുതുനിർമാണത്തിന് വേണ്ടിയാണിത്. മസ്ജിദിന്റെ ഈ ഭാഗത്തിന് തീ പിടിച്ചിട്ട് ഏകദേശം രണ്ടു വർഷമായി. 1984 മുതൽ ഖിലാഫത്ത് ഇവിടെ സ്ഥാപിതമായ കാരണത്താൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആളുകൾ ഇവിടെ വരുന്നുണ്ട്. ഇവിടെയാണ് അവരുടെ താമസവും പിന്നെ വിവിധ പരിപാടികളും നടക്കുന്നത്. അല്ലെങ്കിലും ഇപ്പോൾ ഇവിടെ ലോകരാജ്യങ്ങളിലെ ഉപസംഘടനകളുടേയും ജമാഅത്തുകളുടേയും വലിയ വലിയ സംഘങ്ങളും വർഷം മുഴുവൻ വന്നുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ താമസം തുടങ്ങിയവയുടെ പ്രശ്നങ്ങളുമുണ്ട്. മസ്ജിദിനോട് ചേർന്ന് ഹാളും മുറികളുമുണ്ടായിരുന്നു. ആദ്യം അവിടെയായിരുന്നു ഏർപ്പാടാക്കാറുണ്ടായിരുന്നത്. അഗ്നിബാധയ്ക്കുശേഷം ഇപ്പോൾ അവിടെ വളരെ ഞെരുക്കം അനുഭവപ്പെടുന്നുണ്ട്. അതിന്റെ പുനർനിർമാണത്തിനുള്ള പദ്ധതി ഉണ്ടാക്കപ്പെട്ടിരിക്കുകയാണ്. വളരെ വലിയ പദ്ധതിയാണ്. സ്ഥലം അല്പമെ കൂടുതലുള്ളൂവെങ്കിലും എന്തായാലും പദ്ധതി വളരെ വലുതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഈ പദ്ധതി നല്കിയപ്പോൾ അഞ്ചുമില്യൺ ആയിരുന്നു ആഹ്വാനം ചെയ്തിരുന്നത്. പിന്നീട് മസ്ജിദിന്റെ മെയിൻ(Main) ഭാഗം വിട്ട കാരണത്താൽ മറ്റു സ്ഥലങ്ങളിൽ ചെലവ് കൂടുതലായിരുന്നു. പിന്നീട് 5 മില്യണിന്റെ ആഹ്വാനംകൂടി അദ്ദേഹത്തിന് ചെയ്യേണ്ടിവന്നു. അതിനുശേഷവും വിവിധ ജോലികൾ മെല്ലെ മെല്ലെ നടന്നുവന്നു. അത് ജമാഅത്ത് തങ്ങളുടെ ബജറ്റിൽനിന്നാണ് നടത്തിയിരുന്നത്. ഒരു പരിധിവരെ പദ്ധതി പൂർണമായിരുന്നു. എന്തായാലും ഈ അപകടമുണ്ടായി. അല്ലാഹുവിന്റെ വിധി ഇതായിരുന്നു. അങ്ങനെ ആ തീപിടിത്തത്തിൽ വലിയൊരു ഭാഗം കത്തിയമർന്നു. ഇപ്പോൾ അതിന്റെ പുനർനിർമാണത്തിനും അത്രതന്നെ ചെലവ് വരുന്നതാണ്; പതിനൊന്ന് മില്യണിനടുത്ത്. അതിന്റെ പകുതി കൈയിലുണ്ട്. ഇൻഷൂറൻസ് തുടങ്ങിയവയിൽനിന്ന് കിട്ടിയതും മറ്റുള്ളവർ ചന്ദ കൊടുത്തതുമാണിത്. ഏകദേശം പകുതിയിലേറെ ഇനി ആവശ്യമുണ്ടാകും. ഇതിനുവേണ്ടി മുമ്പേ ചെയ്തുകൊണ്ടിരുന്നതുപോലെ എന്തായാലും സഹോദരങ്ങൾ തന്നെയാണ് ത്യാഗം ചെയ്യേണ്ടത്.

മസ്ജിദ് ബയ്ത്തുൽ ഫുതൂഹിന്റെ എല്ലാ ഭാഗവും പൂർണമായിരുന്നപ്പോൾ നിർമാണ രീതിയുടെ അടിസ്ഥാനത്തിൽ യൂറോപ്പിലെ 50 വലിയ കെട്ടിടങ്ങളിൽ പെടുത്തിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഈ പദ്ധതി നല്കിയപ്പോൾ ഇങ്ങനേയും വിളംബരം ചെയ്യുകയും അത് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു: ഞാൻ പ്രതീക്ഷിക്കുന്നത് യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദായിരിക്കും ഇതെന്നാണ്; എന്നല്ല മറ്റൊരു മസ്ജിദും ഇതിനേക്കാൾ വലുതായിട്ടുണ്ടാകുകയില്ല.

ഖലീഫത്തുൽ മസീഹ് റാബിഅ് പറഞ്ഞിരുന്നത് ഏഴെട്ടായിരമാളുകൾക്ക് ഇതിൽ നി

ല്ക്കാൻ കഴിഞ്ഞാൽ ആവശ്യങ്ങൾ പൂർത്തിയാകുമെന്നാണ്. പക്ഷേ, ഹാളുകൾ ഉൾപ്പെടെയുള്ള മസ്ജിദിന്റെ ഭാഗത്ത് പത്തായിരത്തിനടുത്താളുകൾക്കുമാത്രം നിൽക്കാനെ കഴിയുമായിരുന്നുള്ളു. (അൽഫള്ൽ ഇന്റർ നാഷണൽ 1995 ഏപ്രിൽ 7–13, പേജ് 5–6 2001 മാർച്ച് 23–29)

എന്നാൽ, ആ ഭാഗവും രണ്ടുമൂന്ന് വർഷത്തിനുശേഷം ചെറുതായിപ്പോയി. പിന്നീട് മറ്റു ജമാഅത്തിലെ ആളുകൾ പെരുന്നാൾ നമസ്കരിക്കാൻ ഇവിടെ വരാതെ അവരവരുടെ പ്രദേശങ്ങളിൽതന്നെ നമസ്കരിക്കേണ്ടതാണെന്ന് സംഘാടകർക്ക് വിളംബരം ചെയ്യേണ്ടിവന്നു. പക്ഷേ, എന്നിട്ടുംസഹോദരങ്ങൾക്ക് അറിയുന്നതുപോലെ നമുക്ക് പാർക്കിൽ വേറെ പന്തലിടേണ്ടിവരുന്നു. പെരുന്നാൾ നമസ്കരിക്കാൻ സൗകര്യമൊരുക്കേണ്ടിവരുന്നു. ആവശ്യമെന്തായാലുമുണ്ട്. അതിനാൽ എത്രത്തോളം നമുക്കവിടെ നല്ലതും വലുതായിട്ടുള്ളതുമായ നിർമാണം നടത്താൻ കഴിയുമോ അതിനുവേണ്ടി ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഇതിനു മുമ്പേ ഇതിന്റെ നിർമാണപ്രവർത്തനത്തിൽ പങ്കെടുക്കാൻ അവസരം കിട്ടിയിട്ടില്ലാത്തവർ തീർച്ചയായും ഇതിൽ പങ്കെടുക്കേണ്ടതാണ്. കാരണം ഇത് യു.കെ ജമാഅത്തിന്റെ പദ്ധതിയാണ്. അതുകൊണ്ടുതന്നെ യു.കെയിലെ അഹ്മദികളുടെതന്നെ ജോലിയുമാണ്. ജമാഅത്തിലെ ആളുകൾ ഇതിൽ പങ്കെടുക്കേണ്ടതാണ്. യു.കെയ്ക്ക് വെളിയിലുള്ള സാമ്പത്തികശേഷിയുള്ളവരും ഇതിൽ പങ്കെടുക്കുക. ഉപസംഘടനകൾ അവരുടെ കഴിവനുസരിച്ചും ജമാഅത്തുകൾ അവരുടെ കഴിവനുസരിച്ചും വലിയ വലിയ ജമാഅത്തുകൾ അവരുടെ കഴിവനുസരിച്ചും ഇതിൽ പങ്കെടുക്കേണ്ടതാണ്. കാരണം വർഷം മുഴുവനും ഇവിടെ പുറത്തുനിന്ന് അതിഥികൾ വന്നുകൊണ്ടിരിക്കുന്നു. യു.കെ ജമാഅത്ത് എല്ലാ മാസവും അവർക്ക് ആതിഥ്യവും നല്കിവരുന്നുണ്ട്. എന്നല്ല അവരുടെ എണ്ണം ഇപ്പോൾ ആയിരക്കണക്കിനായിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു: "ആലംഗീറിന്റെ കാലഘട്ടത്തിൽ ശാഹി മസ്ജിദിന് തീ പിടിച്ചു. ജനങ്ങൾ ഓടി രാജാവിന്റെയടുക്കൽ വന്ന് മസ്ജിദിന് തീപിടിച്ചുവെന്ന് പറഞ്ഞു. ആ വാർത്തകേട്ട് രാജാവ് പെട്ടെന്ന് സുജൂദിൽ വീഴുകയും അല്ലാഹുവിന് നന്ദിപറയുകയും ചെയ്തു. മറ്റുള്ളവർ അത്ഭുതത്തോടെ ചോദിച്ചു: 'ബാദ്ശാഹെ സലാമത്ത്! നന്ദി പ്രകടിപ്പിക്കേണ്ട സമയമാണോ ഇത്. ദൈവത്തിന്റെ വീടിനാണ് തീപിടിച്ചിരിക്കുന്നത്. മുസ്ലിംകളുടെ മനസ്സ് കഠിനമായി വേദനിക്കുകയാണ്.' രാജാവ് പറഞ്ഞു: ഞാൻ ദീർഘകാലമായി ആലോചിക്കുകയായിരുന്നു. നെടുവീർപുകളിട്ടു കഴിയുകയായിരുന്നു. ഇത്രവലിയ മസ്ജിദ് നിർമിക്കപ്പെട്ടു. ഈ കെട്ടിടം മുഖേന ആയിരക്കണക്കിന് സൃഷ്ടികൾക്ക് ഗുണമുണ്ടാകുന്നു. ഈ നന്മയിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത് കഴിയുകയായിരുന്നു ഞാൻ. നാലുഭാഗവും ഒരു ന്യൂനതയുമില്ലാതെ അതുപൂർണമായിരിക്കുന്നതാണ് ഞാൻ കണ്ടത്. എനിക്കും പ്രതിഫലം കിട്ടുന്നതിന് ഈ നന്മയിൽ ഞാൻ ഭാഗഭാക്കാകുമെന്ന് എനിക്ക് ചിന്തിക്കാനേ കഴിഞ്ഞിരുന്നില്ല. അങ്ങനെ ഇന്ന് അല്ലാഹു എനിക്കും പുണ്യം കരസ്ഥമാക്കാനുള്ള ഒരു വഴി തുറന്നുതന്നു. വല്ലാഹു സമീഉൻ അലിം അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 387, 1985 ലണ്ടൻ പതിപ്പ്).

ഞാൻ പറഞ്ഞതുപോലെ ഈ ത്യാഗത്തിൽ മുമ്പേ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവർ തീർച്ചയായും പങ്കെടുക്കേണ്ടതാണ്. വാഗ്ദാനം ചെയ്യുന്ന തുക മൂന്ന് വർഷത്തിനുള്ളിൽ എന്തായാലും അടച്ചുതീർക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, കുറഞ്ഞത് മൂന്നിലൊരു ഭാഗം ആദ്യവർഷംതന്നെ നിർബന്ധമായും കൊടുക്കുക. ഈ പദ്ധതിയുടെ വിശദ വിവരങ്ങൾ ഇങ്ങനെയാണ്. ആദ്യം ഇതിന്റെ കവേർഡ് ഏരിയ 4700 സ്കയർ മീറ്ററായിരുന്നു. ഇപ്പോൾ പുതിയ പ്ലാൻ അനുസരിച്ച് 5800 സ്കയർ മീറ്ററാണ്. നാസിർ ഹാളിന്റെ മച്ചും അല്പം ഉയർന്നിട്ടുണ്ട്. ഇതിനു പുറമെ ആദ്യത്തെ ഫ്ളോർ നൂർ ഹാളായിരിക്കും. അതിന്റെ മച്ചും ഉയർത്തപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ നിലയിൽ ഓഫീസുകളായിരിക്കും. മൂന്നാമത്തേയും നാലാമത്തേയും നിലകളിൽ ഓഫീസുകളും എക്സിബിഷൻ ഹാളും അതിഥികൾക്ക് താമസസൗകര്യവും ഗസ്റ്ററൂം തുടങ്ങിയവയും നിർമിക്കുന്നതാണ്. അല്പം പാർക്കിംഗ് സ്ഥലം കിട്ടുന്നതിനുവേണ്ടി ഗേറ്റിൽനിന്ന് അല്പം വിട്ടിട്ടാണ് ഇതെടുക്കുന്നത്. വണ്ടികൾക്ക് വന്നുപോകുന്നതിന് എളുപ്പവുമായിരിക്കും. കാൽനടക്കാർക്ക് സൗകര്യത്തിനും സ്ത്രീകളുടേയും പുരുഷന്മാരുടേയും വഴികൾ വെവ്വേറെ ആകുന്നതിനുംവേണ്ടിയാണിത്. ഇതാണ് പദ്ധതി. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. യു.കെ ജമാഅത്തിന് ഈ പദ്ധതി പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാനൊരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. യമനിലെ ആദിൽ ഹമോദ് നാഖോദ സാഹിബിന്റെ ജനാസയാണിത്. ഒക്ടോബർ 14ന് ഹൃദയസ്തംഭനം മൂലം 40–ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന്റെ മകൻ ത്വാരിഖ് സാഹിബ് പറയുന്നു: ബയ്അത്ത് ചെയ്യുന്നതിനു മുമ്പേ, എന്റെ പിതാവ് നമസ്കാരത്തിൽ അത്ര കൃത്യനിഷ്ഠയുള്ള ആളായിരുന്നില്ല. പക്ഷേ, ബയ്അത്തിനുശേഷം കൃത്യമായി നമസ്കരിക്കാറുണ്ടായിരുന്നുവെന്നു മാത്രമല്ല, ഞങ്ങളോടു ദീനിന്റെ പ്രാധാന്യവും ജമാഅത്തുമായി ബന്ധം ശക്തിപ്പെടുത്തുന്നതിനേയും കുറിച്ച് എപ്പോഴും ഉപദേശിക്കുമായിരുന്നു. ഞങ്ങളേയുംകൂട്ടി വീട്ടിൽ ജമാഅത്തായി നമസ്കരിക്കുകയും ഹദ്റത്ത് മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ ഞങ്ങളെ വായിച്ചുകേൾപ്പിക്കുകയും ചെയ്യുമായിരുന്നു. എം.ടി.എയുടെ ഫ്രീക്വൻസികാർഡ് എപ്പോഴും കൈയിൽ വെക്കുമായിരുന്നു. പോകുന്നിടത്തെല്ലാം അത് വിതരണം ചെയ്യുമായിരുന്നു. തബ്ലീഗ് ചെയ്യുമായിരുന്നു. അഹ്മദിയ്യത്തിൽ ചേർന്നതോടെ അദ്ദേഹത്തിന്റെ ജീവിതം തികച്ചും മാറിപ്പോയിരുന്നു. എപ്പോഴും അദ്ദേഹത്തിൽ ഭാഗ്യത്തിന്റേയും സന്തോഷത്തിന്റേയം ലക്ഷണങ്ങൾ കാണാമായിരുന്നു.

ഒരു അഹ്മദി സുഹൃത്ത് അലിയുൽ ഇർബാനി പറയുന്നു: ബയ്അത്തിനു മുമ്പേ പരേതൻ എന്നേയും മറ്റു ചില സുഹൃത്തുക്കളേയും വീട്ടിൽ വിളിച്ച് അഹ്മദിയ്യത്തിനെ കുറിച്ച് ചോദിക്കുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തിന് വിവിധ അഭിപ്രായഭിന്നതകളുള്ള വിഷയങ്ങൾ, ദജ്ജാലിന്റെ പുറപ്പെടൽ, ഹയാത്ത് വ വഫാത്തെ മസീഹ്, ഇമാം മഹ്ദിയുടെ പുറപ്പെടൽ തുടങ്ങിയവ മനസ്സിലാക്കിക്കൊടുത്തു. പരേതന് നമ്മുടെ കാര്യങ്ങളും വിശ്വാസാദർശങ്ങളും വളരെ ഇഷ്ടപ്പെട്ടു. ജമാഅത്തിന്നെതിരിൽ കേൾക്കുന്ന കാര്യത്തെക്കുറിച്ച് സ്വയം അന്വേഷിക്കുമായിരുന്നു. ഞങ്ങളെ ഒരിക്കൽ വ്യാജമായ ആരോപണം ഉന്നയിച്ച് ജയിലിൽ ഇട്ടപ്പോൾ, പരേതൻ അനഹ്മദിയായിരുന്നിട്ടും വളരെ ധൈര്യത്തോടുകൂടി ഞങ്ങളോടൊപ്പം നില്ക്കുകയും പ്രതിരോധിക്കുകയും ചെയ്തു.

ബയ്അത്തിനുശേഷം അദ്ദേഹത്തിന്റെ ജീവിതം ആകെ മാറിപ്പോയെന്ന് അദ്ദേഹത്തിന്റെ മറ്റു ബന്ധുക്കളും ഇതെഴുതിയിട്ടുണ്ട്. മതപരമായ കാര്യങ്ങൾ സംസാരിക്കുമ്പോൾ വിശുദ്ധഖുർആനിലെ ആയത്തുകളും ഹദീഥുകളും തെളിവിനായി സമർപിക്കുമായിരുന്നു. ഇത്രമാത്രം മതപരമായ അറിവുകൾ, ഇത്രയും പെട്ടെന്ന് എങ്ങനെ എവിടെന്ന് പഠിച്ചുവെന്നോർത്ത് ഞങ്ങൾ അത്ഭുതപ്പെട്ടിരുന്നു. ഞാൻ ചോദിക്കുമ്പോൾ, ഈ എല്ലാ അറിവുകളും താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്നാണ് പഠിച്ചതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ) തിരുമേനിയിൽനിന്നാണ് പ്രകാശം കരസ്ഥമാക്കിയിരുന്നതെന്നുംപരേതൻ പറയുമായിരുന്നു.

സന്തപ്ത കുടുബാംഗങ്ങളിൽ ഭാര്യയ്ക്ക് പുറമെ ഒരു മകനും ഒരു മകളുമുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിൽ മിക്കവരും ദൈവകൃപയാൽ അഹ്മദികളാണ്. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ കാലടികളിൽ ഇടം നല്കുമാറാകട്ടെ. ഭാര്യയുടേയും കുട്ടികളുടേയും സംരക്ഷകനുമായിരക്കട്ടെ. അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുമാറാകട്ടെ. അവരെ നല്ലവരും സാത്വികരുമാക്കുമാറാകട്ടെ. തങ്ങളുടെ പിതാവിന്റെ കാലടികളിലൂടെ നടക്കാൻ തഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ◆

## 123–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാ വിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

**(നാളിർ ഇസ്ലാഹ് –ഒ–ഇർശാദ് മർക്കസിയ്യ ഖാദിയാൻ)**

**പേജ് 1ൽ നിന്ന്**

പറയാനുള്ളത് ആ പ്രവചനത്തിന്റെ പുലർച്ച സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഈ ഇരുകക്ഷികളോടും സത്യം ചെയ്യിച്ച് ചോദിക്കണമെന്നാണ്; നിസാരമായ വിവരണം പോരാ. കാരണം മലാവാമല്ലും ശരംപത്തും പക്ഷപാതികളാണ്. ആര്യസമാജക്കാരാണ്. അവർ എനിക്കെതിരിൽ നോട്ടീസ് ഇറക്കിയിരുന്നു. മുൻശീ ഇലാഹി ബഖ്ശ്, എനിക്കെതിരിൽ അസ്വായെമൂസാ എഴുതി ധാരാളമാളുകളെ വഞ്ചിച്ച അതേ മുൻശീ സാഹിബാണ്. അതിനാൽ സത്യം ചെയ്യിക്കലല്ലാതെ വേറെ മാർഗമില്ല. ഈ പ്രവചനം മറ്റുള്ള ധാരാളമാളുകൾക്കും അറിയാവുന്നതാണ്. മുൻശി സാഹിബിന് കത്തെഴുതിയിരുന്നുവെന്നും അദ്ദേഹം മുകളിൽ പറഞ്ഞ മറുപടി തന്നിരുന്നുവെന്നുമുള്ള കാര്യവും അറിയാം. അതുകൊണ്ട് ആ രണ്ട് ആര്യസമാജക്കാർക്കും പ്രവചനത്തെ നിഷേധിക്കാൻ സാധ്യമല്ല. മുൻശീ ഇലാഹി ബഖ്ശ് സഹിബിന് കത്തയച്ചതും നിഷേധിക്കാനാവില്ല. ഇനി നിഷേധിക്കുകയാണെങ്കിൽത്തന്നെയും ഇക്കാര്യത്തിൽ- സുരൂർ ഖാന്, അർബാബ് ഖാൻ ലശ്ക്കറുമായി വല്ല ബന്ധവുമുണ്ടോ എന്ന് ഇപ്പോഴും തീരുമാനിക്കാവുന്നതേയുള്ളൂ."(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ, വാള്യം- 22, പേജ്- 260)

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**2017 ആഗസ്ത് 27 (ഞായറാഴ്ച)**

*(തുടർച്ച.........)*

ഓസ്ട്രിയാ(Austria)യിലെ ഒരു പുതുവിശ്വാസി യുവാവ് അസീസം അബൂബക്കർ സാഹിബും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ തന്റെ മാതാപിതാക്കളിൽനിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടി വരുന്നു. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ, ജൽസ സാലാന അസാധാരണമായ പ്രാധാന്യം വഹിക്കുന്നതാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, ജൽസാ എന്റെ അനുമാനത്തെക്കാളും, പ്രതീക്ഷയേക്കാളുമൊക്കെ ഉപരി അനുഗ്രഹങ്ങളും ആത്മീയനേട്ടങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു. ജൽസയുടെ അന്തരീക്ഷം ഇത്രമാത്രം പരിശുദ്ധവും ആത്മീയപരവുമാണെന്ന് ആദ്യമെ അറിഞ്ഞിരുന്നെങ്കിൽ, ഇതിൽ പങ്കെടുക്കുന്നതിനുവേണ്ടി ഞാൻ ആത്മീയമായ നിലയിൽ തയ്യാറാകുമായിരുന്നു. ആന്തരികമായ നിലയിൽ തയ്യാറെടുപ്പോടുകൂടി ജൽസയിൽ പങ്കെടുക്കാൻ വന്നവർ ഇതിനേക്കാൾ കൂടുതൽ അനുഗ്രഹം കരസ്ഥമാക്കിയിട്ടുണ്ടാകും. ഇപ്പോൾ കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്തവർഷം ഞാൻ ആത്മീയമായ തയ്യാറെടുപ്പോടുകൂടി വരുന്നതായിരിക്കും. അടുത്തവർഷം ഏറ്റവും കൂടുതൽ ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാൻ ഈ വർഷം മുഴുവൻ എന്നെ അതിന് തയ്യാറാക്കുന്നതാണ്. അദ്ദേഹം ആദ്യമായി ഹുദൂർ അൻവർ അയ്യദഹുല്ലായെ കണ്ടപ്പോൾ പറഞ്ഞു: ഹുദൂർ സമ്പൂർണമായ പ്രകാശമാണ്. അദ്ദേഹത്തിൽനിന്ന് പുറപ്പെടുന്ന പ്രകാശത്തിന്റെ കിരണങ്ങൾ സൂര്യന്റെ കിരണങ്ങൾപോലെ തന്റെ ഉള്ളിൽ അങ്ങേയറ്റത്തെ ശക്തി ഉൾക്കൊള്ളുന്നതാണ്. അവിടന്ന് നടന്നുപോകുമ്പോൾ അന്തരീക്ഷത്തെ പ്രശോഭിതമാക്കിക്കൊണ്ട് പ്രകാശത്തിന്റെ ഒരു വലയം ഉള്ളതുപോലെ തോന്നി. അത് വളരെ വേഗത്തിൽ നടക്കുന്നുണ്ടായിരുന്നു. അവിടത്തെ ദൃഷ്ടിയിലും വലിയ ശക്തിയുണ്ട്. അടുത്തൂടെ നടന്നുപോകുമ്പോൾ ഹുദൂർ അൻവർ എന്നിലും കരുണാദൃഷ്ടി പതിപ്പിച്ചതായി എനിക്കു തോന്നി. ഈ നിമിഷം എനിക്ക് വളരെ വിലപിടിപ്പുള്ളതായിരുന്നു. അതും ഞാൻ ഒരിക്കലും മറക്കുകയില്ല.

ഒരു അതിഥി മിർകോ വാൾട്ടർ (Mirko Walter) സാഹിബ് തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇത്രമാത്രം തിരക്കും ചൂടും ഉണ്ടായിട്ടും എല്ലായിടത്തും ആളുകൾ പരസ്പരം ആദരിക്കുന്നതാണ് കണ്ടത്. ഞാൻ നിരവധി ആളുകൾക്ക് ഹസ്തദാനം ചെയ്തു. അവരുമായി പരിചയപ്പെട്ടു. ഇക്കൂട്ടർ ഏതൊരു രീതിയിലാണോ ആദരവോടെ പെരുമാറിയിരുന്നത് അതിൽ ഒരിടത്തും കൃത്രിമത്വമോ അതിശയോക്തിയോ ഉണ്ടായിരുന്നില്ല. പ്രത്യുത അതിൽ ഒരു സത്യസന്ധത കാണാൻ കഴിഞ്ഞു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. അവിടെ വനിതകളോടു പ്രസംഗിച്ചു. പഠനത്തിൽ ഉന്നത ബിരുദം കരസ്ഥമാക്കിയ സ്ത്രീകൾക്ക് സമ്മാനങ്ങൾ നല്കി അനുഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു: സ്ത്രീകൾ ജോലിയെടുക്കുകയാണെങ്കിൽ ആ പണം അവരുടെ സ്വന്തമാണ്. പുരുഷൻ ജോലി ചെയ്യുകയാണെങ്കിൽ എല്ലാവരേയും നോക്കേണ്ടത് അയാളുടെ ഉത്തരവാദിത്വമാണ്. സ്ത്രീകൾ കൂടുതൽ ശക്തിയുള്ളവരാണ്. അതുകൊണ്ടാണ് അവരിൽ കുട്ടികളെ വളർത്തേണ്ട ഉത്തരവാദിത്വമുള്ളത്; അബലകളായതുകൊണ്ടല്ല! പുരുഷന് ഇത്രമാത്രം പ്രയാസകരമായ ജോലി ചെയ്യാൻ സാധിക്കുകയില്ല. രണ്ടാം ദിവസം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഏതൊരു രീതിയിലാണോ ഇസ്ലാമിന്റെ യഥാർഥ അധ്യാപനം സമർപിച്ചത് അതും അത്ഭുതപ്പെടുത്തുന്നതായിരുന്നു. തന്റെ നിലപാട് മൃദുലമായി സമർപിക്കുന്നതിന് ജാഡയോടെ പ്രവർത്തിക്കുന്നുവെന്ന് ഒരിടത്തും എനിക്ക് തോന്നിയില്ല. ഇവിടെ ജൽസയിൽ പങ്കെടുത്തും ഖലീഫയെ കണ്ടും അഹ്മദി തങ്ങളുടെ ഖലീഫയെ ഇത്രമാത്രം ആദരിക്കുന്നതെന്തിനാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. തീർച്ചയായും അദ്ദേഹമൊരു ആകർഷിക്കപ്പെടുന്ന വ്യക്തിത്വമാണ്. സാത്വികനും ആദരണീയനുമായൊരു മനുഷ്യനാണ്. അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നുതന്നെ അദ്ദേഹത്തിന്റെ സവിശേഷഗുണങ്ങൾ വ്യക്തമാകുന്നുണ്ട്. അദ്ദേഹം തന്റെ വിശ്വാസാദർശം വ്യക്തമായും സുഗമമായും വിവരിക്കുന്നു; വിഷയം എത്ര ദുഷ്കരമാണെങ്കിലും! അഹ്മദി വിദ്യാഭ്യാസത്തിന് കൂടുതൽ സമ്മർദ്ദം ചെലുത്തുന്നത് എനിക്ക് നന്നായി തോന്നി. ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്നവരോട് പറയുന്നത് ആദ്യം ജമാഅത്തിനെ കുറിച്ച് വിശദമായി പഠിക്കുക എന്നാണ്. അതിനുശേഷം ജമാഅത്തിൽ ചേരുക. ഇപ്രകാരംതന്നെ ഒരു വൻ ജനാവലി കൂടിച്ചേർന്ന് തങ്ങളുടെ ദൈവത്തെ വിളിക്കുമ്പോഴുള്ള ദൃശ്യവും വളരെ മനോഹരവും മനസ്സിനെ പിടിച്ചുകുലുക്കുന്നതുമാണ്. അത് വിവരിക്കുക അസാധ്യമാണ്.

സ്വിറ്റ്സർലാന്റിൽനിന്ന് വന്ന ഒരു അതിഥി ജയിംസ് ലിന്റണർ, ക്രൈസ്തവ കക്ഷിയായ The Church of Jesus Christ of Latter Day Saints മായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ഹുദൂറിന്റെ പ്രസംഗം കേട്ട് ഒരു അഹ്മദി സുഹൃത്തിന്റെയടുക്കൽ വന്ന് താൻ നിങ്ങളുടെ ഖലീഫയിൽനിന്ന് ഓട്ടോഗ്രാഫ് വാങ്ങാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. ഓട്ടോഗ്രാഫ് വാങ്ങാനുള്ള ചിന്തയുണ്ടാകാൻ കാരണമെന്താണെന്ന് അദ്ദേഹത്തോടു ചോദിച്ചപ്പോൾ പറഞ്ഞു: ആ മനുഷ്യന്റെ ഉള്ളിൽ എന്തോ ഒരു പ്രത്യേക കാര്യമുണ്ട്. എന്തൊന്നാണോ അദ്ദേഹം പറഞ്ഞത് അത് സത്യമാണ്. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽനിന്ന് പരിശുദ്ധാത്മാവിന്റെ ശബ്ദം വരുന്നതുപോലെ എനിക്കു തോന്നി. നമ്മൾ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന അതിഥികളായ Hrtem-selutin സാഹിബിനോടും Oner Ozdenir സാഹിബിനോടും ഹുദൂറിന്റെ തിരക്കുകളുടെ ഷെഡ്യൂൾ പറഞ്ഞപ്പോൾ അവർ വളരെ അത്ഭുതപ്പെട്ടുപോയി. പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വെറും സമാധാന സംസ്ഥാപനത്തിന്റെ കാര്യങ്ങൾ അല്ല പറയുന്നത്. പ്രത്യുത പ്രാവർത്തികമായ നിലയിൽ സമാധാനം പരത്തുന്നതിൽ വ്യാപൃതനുമാണ്. ഇസ്ലാം സമാധാനത്തിന്റെ മതമാണെന്നുള്ളത് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും വളരെ വ്യക്തമാണ്. അദ്ദേഹത്തിന്റെ മുഖത്ത് ധാരാളം പ്രകാശവും സമാധാനവും കാണാൻ കഴിയുന്നു.

ജൽസാഗാഹിൽ നടന്ന ശ്രമദാനത്തെ കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം വളരെ അത്ഭുതപ്പെട്ടു. പറഞ്ഞു, ഈ ഭൗതിക കാലഘട്ടത്തിൽ ആരാണ് തന്റെ ധനവും സമയവും ചെലവഴിക്കുന്നത്? ഇവിടെ എല്ലാ വളണ്ടിയർമാരും വിനയത്തിന്റേയും എളിമയുടേയും ജീവിക്കുന്ന ചിത്രമാണ്. ഞങ്ങൾ മുസ്ലിംകളിലെ ധാരാളം കക്ഷികളെ കണ്ടിട്ടുണ്ട്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിനെക്കാൾ ഉത്തമവും നല്ലതുമായ ഒരു കക്ഷിയുമില്ല. അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാം.

**ജൽസാ സാലാന– മീഡിയാ കവറേജ്:**

അല്ലാഹുവിന്റെ കൃപയാൽ ജൽസാസാലാന ജർമനിയുടെ കവറേജ് ഇലക്ട്രോണിക് പ്രിന്റ് മീഡിയകളിൽ വൻതോതിലാണ് ഉണ്ടായത്. ജൽസയുടെ ആദ്യ ദിവസം ജുമുഅ നമസ്കാരത്തിനുശേഷം പത്രസമ്മേളനമുണ്ടായി. ഇതിൽ ഇന്റർനാഷണൽ, നാഷണൽ, തദ്ദേശ ഇലക്ട്രോണിക്കിന്റേയും പ്രിന്റ് മീഡിയായുടേയും ജേർണലിസ്റ്റുകളും പ്രതിനിധികളും പങ്കെടുത്തു.

ഇന്റർനാഷണൽ മീഡിയായിൽ ഇറ്റലി, മസിഡോണിയ, ഓസ്ട്രിയ, ബ്രസീൽ, ബൽജിയം, തുടങ്ങിയ രാജ്യങ്ങളിലെ ടിവിയുടേയും പത്രങ്ങളുടേയും പ്രതിനിധികൾ ഉണ്ടായിരുന്നു. നാഷണൽ ലവലിൽ ജർമനിയിലെ 4 ടിവി സ്റ്റേഷൻ, 3 പ്രിന്റ് മീഡിയായുടെ പ്രതിനിധികളുണ്ടായിരുന്നു. തദ്ദേശ ലവലിൽ ഒരു ടിവി, ഒരു റേഡിയോ, 4 പ്രിന്റ് മിഡിയായുടെ പ്രതിനിധികളുണ്ടായിരുന്നു.

മൊത്തത്തിൽ ജർമനിയിൽ ജൽസാസാലാനയുടെ മൂന്നു ദിവസവും കവറേജുണ്ടായി. റിപ്പോർട്ടനുസരിച്ച് 5 ടിവി ചാനൽ, 3 റേഡിയോ ചാനൽ, 61 പത്രങ്ങൾ മറ്റു പ്രിന്റ് മീഡിയാമുഖേന 5 കോടി 92 ലക്ഷത്തി 56 ആയിരത്തി 513 ആളുകൾവരെ സന്ദേശമെത്തി. ഇതിനു പുറമെ ഇന്റർനാഷണൽ മീഡിയായിൽ അടുത്ത ആഴ്ചവരെ കവറേജിന്റെ അവസരമുണ്ട്. അത് മുഖേന അവരുടെ കണക്കനുസരിച്ച് 4 കോടി 13 ലക്ഷത്തി പന്ത്രണ്ടായിരം ആളുകൾവരെ സന്ദേശമെത്തുന്നതായിരിക്കും.

മുമ്പേയുള്ളതിന് തികച്ചും വിരുദ്ധമായി ഈ വർഷം മാധ്യമങ്ങൾ ഇപ്രാവശ്യം വിവരങ്ങൾ

## കലാമുൽ ഇമാം:–

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

ത്വാലിബെ ദുആ:
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:–

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

മാത്രമല്ല നല്കിയത്. പ്രത്യുത കുറച്ച് റിപ്പോർട്ടർമാർ ജൽസാഗാഹിൽ ചുറ്റിക്കറങ്ങി വിവിധ ആളുകളുമായി ഇന്റർവ്യൂ നടത്തി. ഉമൂറെ ഖാരിജ വകുപ്പിന്റെ ഉദ്യോഗസ്ഥർ, ലജ്നാ, പാർക്കിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ വയിൽ അവർ ഉണ്ടായിരുന്നു. സാധാരണ അഹ്മദികളുമായും ഇന്റർവ്യൂ നടത്തി. അവരെ കുറിച്ച് പറഞ്ഞു. ഹുദൂർ അൻവറുമായി പത്രസമ്മേള നത്തിൽ പങ്കെടുത്ത എല്ലാ പ്രതിനിധികളും കുറഞ്ഞത് മൂന്നുമണിക്കൂർ ജൽസാ ഗാഹിലുണ്ടായിരുന്നു. ആർട്ടിക്കിളിന്റെ സ്ഥലം കുറവായിരുന്നെ ങ്കിലും വിവിധ സ്ഥലങ്ങളിൽപോയി ഇന്റർവ്യൂ നടത്തുകയും ജേർണലി സ്റ്റുമാർ വിശദമായ നോട്ടെടുക്കുകയും ചെയ്തിരുന്നു. ഒരു റിപ്പോർട്ടർ പ ല മണിക്കൂറുകൾ ഓഡിയോ റിക്കോർഡിംഗ് നടത്തി. ഉർദു പ്രസംഗങ്ങളും ഖുർആൻ പാരായണവും റെക്കോർഡ് ചെയ്തു.

❋ ZDF+TV വാർത്ത നല്കിക്കൊണ്ട് ഹുദൂർ അൻവറിന്റെ ഈ വാക്യ വും അതിന്റെ തർജമയും അവതരിപ്പിച്ചു. 'ഞാൻ നിങ്ങളുമായി മതപര മായ രീതിയനുസരിച്ച് ഹസ്തദാനം ചെയ്യുന്നില്ല. പക്ഷേ, എപ്പോൾ നി ങ്ങൾക്കാവശ്യമുണ്ടെങ്കിലും അല്ലെങ്കിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാ യാൽ നിങ്ങളെന്നെ നിങ്ങളെ സഹായിക്കുന്നതിൽ മുൻനിരയിൽ കാണുന്ന താണ്." ഇതേ വാക്യം പല മറ്റു പത്രങ്ങളും ഉദാഹരണത്തിന് KA-Nachrichten ഉം എഴുതി. പത്രങ്ങൾ ഹുദൂർ അൻവർ സ്ത്രീകളോടു ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തവും നല്കുകയുണ്ടായി. ഇപ്രകാരംതന്നെ ഹുദൂർ അൻവർ രണ്ടാം ദിവസം ചെയ്ത പ്രഭാഷണത്തിൽനിന്നുള്ള ചില കാര്യങ്ങൾ നല്കുകയുണ്ടായി.

ജർമനിയിലെ Baden-TV ഇന്റർനെറ്റിൽ ജൽസയുടെ നെഗറ്റീവായിട്ടുള്ള വാർത്തകളുടെ നെഗറ്റീവ് comments എഴുതുന്നവർക്കും ഒരു വീഡിയോ ചർച്ച മുഖേന വളരെ നല്ല മറുപടി നല്കി. ഇതിൽ അവർ ജമാഅത്തിന്റെ മോട്ടോ "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്നതിന്റെ പ്രാ ധാന്യത്തിൽ ശക്തി ചെലുത്തുകയുണ്ടായി.

ജർമനിയിലെ മറ്റൊരു പ്രശസ്ത പത്രമായ Tagesspiegelൽ ദീർഘമായ ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചു. അതിൽ ഹുദൂർ അൻവറിന്റെ അതിഥികളോ ടൊപ്പം തബ്ലീഗ് പരമായി നടന്ന പ്രഭാഷണത്തേയും quote ചെയ്യുകയു ണ്ടായി. ഇപ്രകാരംതന്നെ സ്ത്രീകളെ ഉദ്ധരിച്ചുകൊണ്ടെഴുതി: 'സ്ത്രീകൾ അനാവശ്യമായി അവിടെയും ഇവിടെയും ചുറ്റിക്കറങ്ങിനടക്കരുതെന്നും പ്ര ത്യുത പർദ ശ്രദ്ധിക്കണമെന്നും മുഖം മറയ്ക്കാൻ കഴിയാത്ത സ്ത്രീകൾ മേക്കപ്പ് തുടങ്ങിയവ ചെയ്യാതിരിക്കുക എന്നുമുള്ള നിർദേശങ്ങൾ അവി ടന്ന് കൊടുത്തിരുന്നു.

മാധ്യമങ്ങളിൽ ഭൂരിഭാഗവും ജമാഅത്ത് സമാധാനപ്രിയരാണെന്ന് പറയു കയുണ്ടായി.Sueddeutsch Zeitung ന്റെ പത്രപ്രതിനിധി എഴുതി: മിർസാ മസ്റൂർ അഹ്മദ്, വിശുദ്ധഖുർആനിന്റെ സമാധാനഭരിതമായ വ്യാഖ്യാന ത്തിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് പറഞ്ഞു, 'യുദ്ധം ചെയ്യുക എന്നത് ഒരിക്കലും ഇസ്ലാമിന്റെ ലക്ഷ്യമായിരുന്നില്ല.' സ്വവർഗരതിയെ കുറിച്ച് അദ്ദേഹം പറഞ്ഞു: 'വിശുദ്ധഖുർആൻ അത്തരം ബന്ധങ്ങൾ വിരോധിക്കു ന്നു. പക്ഷേ, സ്വവർഗരതിക്കാരുടെമേൽ ആക്രമം ചെയ്യാതിരിക്കേണ്ടതാ ണ്.' ഇതേ കാര്യം മറ്റു പത്രങ്ങളും പ്രിന്റ് മീഡിയകളും എഴുതി.

ഒരു റിപ്പോർട്ടർ പറഞ്ഞു: 'ഖലീഫ ഓരോ ചോദ്യത്തിനും ഋജുവായതും ചൊവ്വായതുമായ മറുപടി നല്കിയത് എനിക്കേറെ ഇഷ്ടപ്പെട്ടു. രാഷ്ട്രീയ ക്കാരെപോലെ അവിടത്തേയും ഇവിടത്തേയും കാര്യം പറഞ്ഞില്ല. തന്റെ ശ്രദ്ധ ചോദ്യത്തിൽ ഊന്നിനിറുത്തി.

**ഇസ്ലാം വെബ്സൈറ്റിൽ ജൽസയുടെ കവറേജ്:**

ജൽസാ സാലാനയുടെ നടപടികൾ എം.ടി.എ ജർമൻ സ്റ്റുഡിയോയുടെ സഹായത്താൽ നിരന്തരം അപ്ലോഡ് ചെയ്തുകൊണ്ടിരുന്നു. സെൻട്രൽ പ്രസ്സ് & മീഡിയാ ആഫീസിൽനിന്ന് പുറപ്പെടുവിച്ച പ്രസ് റിലീസിലും അപ്ലോഡ് ചെയ്യപ്പെട്ടു.

സോഷ്യൽ മീഡിയായിലും ജൽസയുടെ കവറേജ് ഉദ്ധരിച്ച് കാര്യപരിപാ ടി ചെയ്യപ്പെട്ടു. ഫെയ്സ്ബുക്കിൽ 32 പോസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടു. അത് 4 ലക്ഷത്തി ഇരുപതിനായിരം ആളുകൾ കണ്ടു. മുപ്പത്തിയാറായിരം ആളു കൾ ആ പോസ്റ്റുകൾ ഇഷ്ടപ്പെട്ടു. അതിൽ ചർച്ചയും നടന്നു.

ഇപ്രകാരം Twitterലും അഞ്ചുലക്ഷത്തി മുപ്പത്തിആറായിരം ആളുകൾ ജൽസയുടെ tweets കണ്ടു. അയ്യായിരത്തി എണ്ണൂറ് ആളുകൾ retweet ചെയ്തു. (തുടരും)

AL ISLAM

പേജ് 2ൽ നിന്ന്

ത്തിലും അഹമഹമികയാ മുന്നേറാൻ ശ്രമിക്കുക. പൊസിഷന്റെ അടിസ്ഥാന ത്തിൽ ഭാരതത്തിലെ ജമാഅത്തുകളുടേയും സംസ്ഥാനങ്ങളുടേയും അഞ്ച് വർഷത്തെ വിവരപട്ടിക താഴെ ചേർക്കുകയാണ്, സഹോദരങ്ങൾ അത് പിര ശോധിക്കുകയും അവരവരുടെ ജമാഅത്തുകളേയും സംസ്ഥാനങ്ങളേയും പൊ സിഷന്റെ അടിസ്ഥാനത്തിൽ മുൻകടക്കാൻ ശ്രമിക്കുകയും ചെയ്യുക.

*ആദ്യത്തെ പത്ത് ജമാഅത്തുകളുടെ പൊസിഷന്റെ അഞ്ചുവർഷത്തെ വിവരപട്ടിക.*

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| 2017 | കോഴിക്കോട് | പത്തപ്പിരിയം | ഖാദിയാൻ | ഹൈദരാബാദ് | കൊൽക്കത്ത | ബാംഗ്ലൂർ | കണ്ണൂർ | പഴയങ്ങാടി | മാത്തോട്ടം | കരുളായി |
| 2016 | കരുളായി | കോഴിക്കോട് | കോഴിക്കോട് | പത്തപ്പിരിയം | ഖാദിയാൻ | കണ്ണൂർ | പഴയങ്ങാടി | ദില്ലി | കൊൽക്കത്ത | സുലൂർ |
| 2015 | കരുളായി | ഹൈദരാബാദ് | കോഴിക്കോട് | ഖാദിയാൻ | പത്തപ്പിരിയം | കണ്ണൂർ | പഴയങ്ങാടി | കൊൽക്കത്ത | ബാംഗ്ലൂർ | സുലൂർ |
| 2014 | കരുളായി | കോഴിക്കോട് | ഹൈദരാബാദ് | ഖാദിയാൻ | കണ്ണൂർ | പഴയങ്ങാടി | സുലൂർ | കൊൽക്കത്ത | ചെന്നൈ | ബാംഗ്ലൂർ |
| 2013 | കരുളായി | കോഴിക്കോട് | ഹൈദരാബാദ് | കണ്ണൂർ | പഴയങ്ങാടി | ഖാദിയാൻ | കൊൽക്കത്ത | യാദ്ഗീർ | ചെന്നൈ | മാത്തോട്ടം |

*ആദ്യത്തെ 10 സംസ്ഥാനങ്ങളുടെ 5 വർഷത്തെ പൊസിഷൻ വിവരപട്ടിക*

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| 2017 | കേരളം | കർണാടക | J&K | തെലുങ്കാന | തമിൾനാട് | ഒഡിഷ | പഞ്ചാബ് | ബംഗാൾ | ദില്ലി | മഹാരാഷ്ട്ര |
| 2016 | കേരളം | കർണാടക | A.P | തമിഴ്നാട് | J&K | ഒഡിഷ | പഞ്ചാബ് | ബംഗാൾ | ദില്ലി | മഹാരാഷ്ട്ര |
| 2015 | കേരളം | തമിൾനാട് | കർണാടക | A.P | J&K | ഒഡിഷ | പഞ്ചാബ് | ബംഗാൾ | ദില്ലി | മഹാരാഷ്ട്ര |
| 2014 | കേരളം | തമിൾനാട് | കർണാടക | A.P | J&K | ഒഡിഷ | ബംഗാൾ | പഞ്ചാബ് | ദില്ലി | ലക്ഷദ്വീപ് |
| 2013 | കേരളം | A.P | J&K | കർണാടക | ബംഗാൾ | ഒഡിഷ | പഞ്ചാബ് | യു.പി. | മഹാരാഷ്ട്ര | ദില്ലി. |

ഏറ്റവും കൂടുതൽ ചന്ദ കൊടുക്കുന്ന ജമാഅത്തുകളിൽ ഏറ്റവും കൂടുതൽ ജമാ അത്തുകൾ കേരളത്തിന്റേതാണ്. ഇക്കാരണത്താലാണ് ഹുദൂർ അയ്യദഹുല്ലാഹ് 2013 നവംബർ 8ന് ചെയ്ത ഖുത്ബയിൽ പറഞ്ഞു: "കേരളത്തിലെ ജമാഅത്തു കൾ മാശാഅല്ലാഹ് നല്ല ആക്ടീവാണ്." ഹുദൂറിന്റെ നാവിൽനിന്ന് പുറപ്പെട്ട ഈ വാക്കുകൾ തീർച്ചയായും കേരളത്തിലെ ജമാഅത്തുകൾക്ക് ഒരു ബഹുമതിയാ ണ്. വർഷങ്ങളായിട്ട് ഒന്നാംസ്ഥാനത്ത് വന്നുകൊണ്ടിരുന്ന കരുളായ് ജമാഅത്ത് ഈ വർഷം 10-ാം സ്ഥാനത്തേക്കു പോയത് ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. കരുളായി ഒന്നാംസ്ഥാനത്തുനിന്ന് പെട്ടെന്ന് 10-ാം സ്ഥാനത്തെത്തിയത് തീർച്ച യായും ഞങ്ങളെ വിസ്മയപ്പെടുത്തുകയാണ്. ഖാദിയാൻ ദൈവകൃപയാൽ ഈ വർഷം മൂന്നാം സ്ഥാനത്താണ്. അതിൽ ഞങ്ങൾക്കും ഖാദിയാൻവാസി കൾക്കും സന്തോഷമുണ്ട്. കഴിഞ്ഞവർഷം ജമാഅത്തുകൾ പരസ്പരം മത്സരി ക്കുന്നതിനേയും പരസ്പരം മുന്നേറുന്നതിനേയും സംബന്ധിച്ച് എഴുതിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജന്മസ്ഥലം എന്ന നിലയിൽ ഖാദിയാൻ ഏറ്റവും മുന്നിലെത്താൻ ശ്രമിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചി രുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാന് 5-ാം സ്ഥാനത്തുനിന്ന് മൂന്നാം സ്ഥാനത്തെത്താൻ തൗഫീഖ് കിട്ടി. ഇനിയും നമുക്ക് പറയാനുള്ളത് മസീഹ് മൗഊദ്(അ)ന്റെ നാട് എന്ന നിലയിൽ ഖാദിയാൻ ഒന്നാം സ്ഥാനത്തെ ത്താനാണ് ശ്രമിക്കേണ്ടത്. പത്തപ്പിരിയം ജമാഅത്തും വളരെ സ്തുത്യർഹമാ ണ്. കഴിഞ്ഞവർഷം ഇവർ നാലാം സ്ഥാനത്തായിരുന്നു. ഈ വർഷം രണ്ടാം സ്ഥാനത്തെത്തി. ഇപ്രകാരംതന്നെ കോഴിക്കോട് ജമാഅത്തും ഭാഗ്യവാന്മാരാ ണ്. അവർ രണ്ടാം സ്ഥാനത്തും മൂന്നാം സ്ഥാനത്തുമായിരുന്നു. ഇന്ന് ഒന്നാം സ്ഥാനത്താണ്. ഹൈദരാബാദ് 2015ൽ രണ്ടാം സ്ഥാനത്തും 2016ൽ മൂന്നാം സ്ഥാനത്തും 2017-ൽ നാലാം സ്ഥാനത്തുമാണുള്ളത്. ഇത് ചിന്തനീയമായ കാര്യ മാണ്.

ഞാൻ ആഗ്രഹിക്കുന്നത് - എല്ലാവരുടേയും ആഗ്രഹം ഇതുതന്നെയായിരി ക്കും - ജമാഅത്തുകളും സംസ്ഥാനങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം, സന്തോഷത്തിനു വേണ്ടി മാത്രം ധനത്യാഗത്തിൽ അഹമഹമികയാ മുൻകടക്കാൻ ശ്രമിക്കുക. ഇതു വളരെ ഹൃദയാവർജകവും ഈമാൻ ദൃഢീകരി ക്കുന്നതുമായ മത്സരമായിരിക്കും. ഇപ്രകാരം തഹ്രീക്കെ ജദീദിന്റെ മൊത്തത്തി ലുള്ള ചന്ദയിൽ വർധന ഉണ്ടാകുകയും ചെയ്യും. അതിന് മുന്നോട്ടു കുതിക്കാൻ തൗഫീഖും കിട്ടും. അല്ലാഹു അങ്ങനെതന്നെ ആക്കിത്തീർക്കട്ടെ. ആമീൻ

**(മൻസൂർ അഹ്മദ് മസ്റൂർ - തർജമ: മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ)**


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**

**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# നബി(സ)തിരുമേനിയെക്കുറിച്ച് അന്യരുടെ വിശ്വാസഭക്തി

ദി ഔട്ട് ലയ്ൻ ഓഫ് ഹിസ്റ്ററി (The Outline of History) എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് പ്രൊഫസർ എച്ച്. ജി. വെൽസ്. (H.G.Wells) അദ്ദേഹം പറയുന്നു: "ഇസ്‌ലാം മതപ്രവാചകന്റെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവാണ് അദ്ദേഹത്തിൽ ആദ്യം വിശ്വസിച്ചത് അദ്ദേഹത്തെ ഏറ്റവും കൂടുതൽ അടുത്തറിയുന്നവരായിരുന്നു എന്നത്......... ഹദ്റത്ത് മുഹമ്മദു(സ) ഒരിക്കലും കള്ളപ്രവാചകവാദി ആയിരുന്നില്ല..........ഇസ്‌ലാമിൽ വലിയ വലിയ നന്മകളും മഹത്ത്വമേറിയ ഗുണങ്ങളും ഉണ്ടെന്നത് നിഷേധിക്കാൻ പറ്റാത്ത യാഥാർഥ്യമാണ്. ഇസ്‌ലാംമത പ്രവാചകൻ അക്രമവും കൊലയും അവസാനിപ്പിക്കപ്പെട്ട ഒരു സമുദായത്തിന് അടിത്തറ പാകി."
(H.G.Wells. Part II: Muhammed and Islam. In: The Outline of History. University of MichiganLibrary., Ml. p 269 (1920)

ഇസ്‌ലാം അറ്റ് ദ ക്രോസ് റോഡ്സ് (Islam at the Cross roads)എന്ന ഗ്രന്ഥത്തിൽ ഡി ലേസി ഓലിയേറി (De Lacy O'Leary) എഴുതുന്നു: "തീവ്രവാദികളായ മുസ്‌ലീംകൾ ലോകത്ത് വിജയം വരിച്ചുവെന്നതും വാളിന്റെ മുനയിൽ കീഴടക്കിയ ജനതയെക്കൊണ്ട് ഇസ്‌ലാംമതം വിശ്വസിപ്പിച്ചുവെന്നതും ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ള കഥകളിൽ അങ്ങേയറ്റം വ്യർഥമായതും ആശ്ചര്യമുളവാക്കുന്നതുമായ കഥയാണ്."
(De Lacy O'Leary. Islam at the Cross roads. Kegan Paul., London, p.8 (1923))

മഹാത്മാ ഗാന്ധി 'യംഗ് ഇന്ത്യ'(Young India) എന്ന പത്രത്തിൽ എഴുതുന്നു: "ഒരു അഭിപ്രായ വ്യത്യാസവുമില്ലാതെ ലക്ഷക്കണക്കിന് ആളുകളുടെമേൽ ഭരണം നടത്തിയ വ്യക്തിയുടെ ജീവിതത്തെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും അറിയാൻ ഞാനാഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെ പഠിച്ചതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ മുമ്പത്തെക്കാളേറെ ദൃഢവിശ്വാസം കൈവന്നിരിക്കുന്നു: 'ഇസ്‌ലാം അക്കാലത്ത് ജനഹൃദയങ്ങളിൽ വാളുകൊണ്ട് ഇടം നേടിയതല്ല, മറിച്ച് ആ പ്രവാചകന്റെ ലാളിത്യം, സ്വപ്രവർത്തിയിൽ സന്തുഷ്ടനായിരിക്കുന്ന ശീലം, അതീവ ശ്രദ്ധയോടെയുള്ള തന്റെ പ്രതിജ്ഞാ പാലനം, തന്റെ സുഹൃത്തുക്കളിലും അനുയായികളിലുമുള്ള പരമമായ വിശ്വാസം, എപ്പോഴും നിർഭയനും ധൈര്യവാനുമായിരിക്കൽ, ദൈവത്തിന്റെ സത്തയിലും തന്റെ മതത്തിലുമുള്ള സമ്പൂർണമായ ദൃഢവിശ്വാസം ഇതൊക്കെയായിരുന്നു എല്ലാ ദുർഘട ഘട്ടങ്ങളിലും അദ്ദേഹത്തെ നിയന്ത്രിച്ചിരുന്നതും എല്ലാവരേയും തന്നോടൊപ്പം കൂട്ടി മുന്നോട്ടു കൊണ്ടുപോയതും.
ആ പ്രവാചകന്റെ ജീവിതത്തെ സംബന്ധിച്ച് എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ രണ്ടാമത്തെ വാല്യം വായിച്ചു തീർന്നപ്പോൾ ആ ഗ്രന്ഥം തീർന്നുപോയ കാരണത്താൽ എന്നിൽ ഉദാസീനത പ്രകടമായി." (Mahatma Gandhi, Young India. september 23rd 1924)

1989-ൽ ചരമം പ്രാപിച്ച ലഫ്റ്റണന്റ് ജനറൽ ആയിരുന്ന സർ ജോൺ ബാഗോട്ട് ഗ്ലബ്ബ് (Sir John Bagot Glubb) എഴുതുന്നു: "ഈ ഗ്രന്ഥം വായിച്ചു കഴിയുമ്പോൾ വായനക്കാരൻ എന്ത് അഭിപ്രായം പറഞ്ഞാലും, മുഹമ്മദി(സ)ന്റെ ആത്മീയാനുഭവങ്ങൾ, പഴയതും പുതിയതുമായ വേദപുസ്തകങ്ങളിലെ കഥകളോടും ക്രൈസ്തവ പുണ്യവാളന്മാരുടെ ആത്മീയാനുഭവങ്ങളോടും അത്ഭുതകരമായ രീതിയിൽ താദാത്മ്യം പുലർത്തുന്നുവെന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല. ഇപ്രകാരം ഹിന്ദുമതങ്ങളിലും മറ്റുമതങ്ങളിലും വിശ്വസിക്കുന്നവർക്കുണ്ടായ അസംഖ്യം സ്വപ്നങ്ങളും ജാഗ്രദർശനങ്ങളും സാദൃശ്യമുള്ളതാകാനും സാധ്യതകളേറെയാണ്. ഇതിനുംപുറമെ മിക്കപ്പോഴും അത്തരം അനുഭവങ്ങൾ പരിശുദ്ധവും ശ്രേഷ്ഠവുമായ ജീവിതാരംഭത്തിന്റെ ലക്ഷണവുമായിരിക്കും. അത്തരം സംഭവങ്ങളെ ആത്മാവിന്റെ വഞ്ചനയെന്നു വിശദീകരിക്കുന്നത് ഉചിതമായി തോന്നുന്നില്ല. കാരണം ആ സംഭവങ്ങൾ ധാരാളമാളുകൾക്ക് ഒരുപോലെ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. അവർ തമ്മിലുള്ള ദൂരമാണെങ്കിൽ ആയിരക്കണക്കിന് വർഷങ്ങളും ആയിരക്കണക്കിന് മൈലുകളുമാണ്. അവരിലൊരാൾ മറ്റൊരാളെക്കുറിച്ച് കേട്ടിട്ടുപോലും ഉണ്ടാകുകയില്ല. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും അവരുടെ ജീവിതസംഭവങ്ങളിൽ അസാധാരണമായ പൊരുത്തമാണ് കാണുന്നത്. ഇക്കൂട്ടർ എല്ലാവരും അത്ഭുതകരമായനിലയിൽ സാദൃശ്യമുള്ള സ്വപ്നങ്ങളും ജാഗ്രദർശനങ്ങളും സ്വന്തമായി ഉണ്ടാക്കിയെന്നു പറയുന്നത് ബുദ്ധിപരമല്ല. ഈ ആളുകൾ തമ്മിൽ ഒരു പരിചയവും ഇല്ലാതിരുന്നിട്ടുകൂടിയാണിത്.

ഹബ്ശയിലേക്ക് (അബീസീന)ഹിജ്റത്ത് ചെയ്തവരെക്കുറിച്ച് എഴുതിയിരിക്കുന്നു,'ഈ പട്ടികയിൽ നിന്ന് മനസ്സിലാകുന്നത് ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞവരെല്ലാം അതിലുണ്ടായിരുന്നുവെന്നാണ്. അല്ലാഹുവിന്റെ ദൂതർ(സ) മക്കയിലെ ശക്തരായ എതിരാളികളുടെ ഇടയിൽ കുറഞ്ഞ അനുയായികളുമൊത്താണ് താമസിച്ചത്. ഈ അവസ്ഥ വിളിച്ചോതുന്നത്, സ്വാഭാവികമായ ധൈര്യവും ദൃഢവിശ്വാസവും നബി(സ)തിരുമേനിയിൽ നിലനിന്നിരുന്നുവെന്നാണ്.
(John Bagot Glubb. The Life and Times of Muhammad. Hodder & Stoughton 1970 (reprint 2002))

ജോൺ വില്യം ഡ്രാപർ (John William Draper) ഹിസ്റ്ററി ഓഫ് ദ ഇന്റിലക്ച്ചൽ ഡവലപ്മെന്റ് ഓഫ് യൂറോപ്പ് (History of the intellectual Development of Europe) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: ജസ്റ്റിനിയൻ (Justinian)ന്റെ മരണത്തിന് നാലു വർഷത്തിനു ശേഷം ക്രിസ്ത്വബ്ദം 569-ൽ മക്കയിൽ ഒരു വ്യക്തി ജനിച്ചു. അദ്ദേഹം എല്ലാ വ്യക്തികളിലുംവച്ച് ഏറ്റവുമധികം മനുഷ്യകുലത്തിനുമേൽ തന്റെ സ്വാധീനം വിട്ടുംവച്ചാണ് പോയത്. ആ വ്യക്തിയാണ് മുഹമ്മദ്(സ). അദ്ദേഹത്തെ ചില യൂറോപ്യന്മാർ വ്യാജവാദി എന്നു പറയുന്നു. പക്ഷേ, മുഹമ്മദു(സ)ന്റെ ഉള്ളിൽ ചില സവിശേഷതകളുണ്ടായിരുന്നു. അക്കാരണത്താൽ നിരവധിയാളുകളുടെ ഭാഗധേയം നിർണയിക്കപ്പെട്ടു. പ്രബോധനം ചെയ്യുന്ന ഒരു യോധാവായിരുന്നു അദ്ദേഹം. പ്രസംഗപീഠം വാക്‌വൈഭവത്താൽ നിർഭരമായിരുന്നു. രണാങ്കണത്തിൽ ഇറങ്ങിയാൽ ധീരനായിരുന്നു. അദ്ദേഹത്തിന്റെ മതം 'അല്ലാഹു ഏകനാകുന്നു' എന്നു മാത്രമായിരുന്നു. ഈ സത്യം വിശദീകരിക്കുന്നതിന് അദ്ദേഹം സൈദ്ധാന്തികമായ ചർച്ചകൾ സ്വീകരിച്ചില്ല. നേരെ മറിച്ച്, തന്റെ അനുയായികളോട് വൃത്തി, നമസ്കാരം, നോമ്പ് പോലുള്ള കാര്യങ്ങളനുഷ്ഠിക്കാൻ പറഞ്ഞുകൊണ്ട് അവരുടെ സാമൂഹികാവസ്ഥകളെ കർമപരമായ നിലയിൽ ശ്രേഷ്ഠതരമാക്കി. ആ വ്യക്തി ദാനധർമങ്ങൾക്ക് മറ്റെന്തിനെക്കാളും മുൻഗണന നല്കി.
(John William Draper, M.D., L.L.D.A History of the intellectual Development of Europe. Harper and Brothers Publishers., NY.P.244 (1863))

'ഒരു സുപ്രസിദ്ധ ഓറിയന്റിലിസ്റ്റായ വില്യം മോൺട്ഗൊമെരി (William Montgomery) മുഹമ്മദ് അറ്റ് മദീന (Muhammad at Madina) എന്ന ഗ്രന്ഥത്തിലെഴുതുന്നു: മുഹമ്മദുനബി(സ) യുടേയും ഇസ്‌ലാമിന്റേയും പ്രാരംഭകാലത്തെ ചരിത്രങ്ങളിൽ എത്രമാത്രം ചിന്തിക്കുന്നുവോ അത്രമാത്രം ആ മഹാത്മാവിന്റെ വിജയങ്ങളുടെ വിശാലാവസ്ഥ കണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. അക്കാലത്തെ പരിതഃസ്ഥിതിയിൽ ഉന്നതനായ വ്യക്തിയായിരുന്നിട്ടും അദ്ദേഹത്തിന് വളരെ കുറച്ചു അനുയായികളെ മാത്രമേ കിട്ടിയുള്ളു. ദീർഘവീക്ഷണവും, ഭരിക്കാനുള്ള സംഘടനാവൈഭവവും, ദൈവത്തിലുള്ള സമർപണവും, അല്ലാഹുവാണ് തന്നെ അയച്ചതെന്ന ദൃഢ്യബോധവും അദ്ദേഹത്തിന് ഇല്ലായിരുന്നെങ്കിൽ മനുഷ്യചരിത്രത്തിൽ ഒരു പ്രധാനപ്പെട്ട അധ്യായം രചിക്കുന്നത് ഇല്ലാതാകുമായിരുന്നു. നബി(സ)തിരുമേനിയുടെ ജീവിതത്തെ സംബന്ധിച്ചുള്ള ഈ ഗ്രന്ഥം മഹാനായൊരു ആദംസന്തതിയെ മനസ്സിലാക്കുന്നതിനും അദ്ദേഹത്തെ ആദരിക്കുന്നതിനും സഹായകമാകും."
(William Montgomery Watt. Muhammad at Madina Oxford University Press.pp.335(1981))

സുപ്രസിദ്ധ ക്രൈസ്തവ ചരിത്രകാരൻ റജിനാൾഡ് ബോസ്‌വർത് സ്മിത് (Reginald Bosworth Smith) എഴുതുന്നു: "മതത്തിന്റേയും ഭരണത്തിന്റേയും നേതാവും ഗവർണർ എന്ന നിലയിൽ പോപ്പിന്റേയും ഖയ്സറിന്റേയും രണ്ടു വ്യക്തിത്വങ്ങളും ഹദ്റത്ത് മുഹമ്മദ്(സ) എന്ന വ്യക്തിയിൽ സമ്മേളിച്ചിരിക്കുന്നു. അദ്ദേഹം പോപ്പ് ആയിരുന്നു. എന്നാൽ, പോപ്പിനെപ്പോലെ ബാഹ്യപ്രകടനങ്ങളിൽനിന്ന് പരിശുദ്ധൻ. അദ്ദേഹം ഖയ്സർ ആയിരുന്നു. എന്നാൽ, ഖയ്സറിന്റെ ഭൗതികാഢംഭരങ്ങളിൽ നിന്നെല്ലാം തികച്ചും മുക്തൻ. പട്ടാളമില്ലാതെ, രാജകൊട്ടാരമില്ലാതെ, നികുതിപിരിവില്ലാതെ ദൈവനാമത്തിൽ മാത്രം ലോകത്ത് സമാധാനവും വ്യവസ്ഥിതിയും ആരെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിനർഹനായിട്ടുള്ള ഒരേയൊരു വ്യക്തി ഹദ്റത്ത് മുഹമ്മദ്(സ)മാത്രമാണ്. ഇപ്പറഞ്ഞ സാമഗ്രികളൊന്നുമില്ലാതെതന്നെ അദ്ദേഹത്തിന് സകല കഴിവുകളും ലഭിച്ചിട്ടുണ്ടായിരുന്നു."
(Rev.Bosworth Smith. Character of Mohammad.In: MOHAMMAD AND MOHAMMADANISM Smith, Elder & Co.,London.p.235 (1876))

ഇതേ ബോസ്‌വർത് സ്മിത് (Bosworth Smith) മുഹമ്മദ് ആന്റ് മുഹമ്മദാനിസം (Mohammad and Mohammadanism) എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: "അദ്ദേഹത്തിന്റെ മതത്തെ ഏറ്റവുമാദ്യം വിശ്വസിച്ചിരുന്നവർ അദ്ദേഹത്തെ നല്ലവണ്ണം അടുത്തറിയുന്നവരായിരുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ ഭാര്യ, അവരുടെ അടിമ, അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രൻ, അദ്ദേഹത്തിന്റെ പഴയകാല സ്നേഹിതൻ. ഇദ്ദേഹത്തെ സംബന്ധിച്ച് ഹദ്റത്ത് മുഹമ്മദ്(സ) പറഞ്ഞത്, ഇസ്‌ലാമിൽ പ്രവേശിച്ചിരുന്നവരിൽ ഒരിക്കലും പുറംതിരിക്കാതെയും വ്യാകുലപെടാതെയുമിരുന്ന ഒരേയൊരു വ്യക്തിയായിരുന്നുവെന്നാണ്. സാധാരണ പ്രവാചകന്മാരെപ്പോലെ ഹദ്റത്ത് മുഹമ്മദിന്റെ(സ) ഭാഗധേയം നിസ്സാരമായിരുന്നില്ല. കാരണം അദ്ദേഹത്തിന്റെ മഹത്ത്വത്തെ നിഷേധിച്ചിരുന്നവർ അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തെ കുറിച്ച് ശരിയായ അറിവില്ലാത്തവർ മാത്രമായിരുന്നു."(അതേ ഗ്രന്ഥം പേജ് 127)

വീണ്ടും പറയുന്നു: "മുഹമ്മദ്(സ) വിരോധിച്ച ആചാരസമ്പ്രദായങ്ങൾ, അത് വിരോധിച്ചുവെന്ന് മാത്രമല്ല പ്രത്യുത അവയെ പൂർണമായും ഉച്ചാടനം ചെയ്തു. ഉദാഹരണത്തിന് മനുഷ്യക്കുരുതി, പെൺകുഞ്ഞുങ്ങളെ വധിക്കൽ, കൊലപാതകം, പരിധിയില്ലാതെ സ്ത്രീകളെ വിവാഹം കഴിക്കൽ, അടിമകളോടുള്ള അക്രമവും ദ്രോഹും, മദ്യപാനം, ചൂതാട്ടം. ഇതിന്റെ പരമ്പരകൾ നിർബാധം അറേബ്യയിലും അയൽ രാജ്യങ്ങളിലും നടമാടിയിരുന്നു. അദ്ദേഹം അതെല്ലാം അവസാനിപ്പിച്ചു."(അതേ ഗ്രന്ഥം പേജ് 125)

വീണ്ടും പറയുന്നു: "ഹദ്റത്ത് മുഹമ്മദ്(സ) തന്റെ ലക്ഷ്യത്തിന്റെ സത്യതയിലും നന്മയിലും അതിസൂക്ഷ്മമായി വിശ്വസിച്ചുകൊണ്ട് എന്തൊന്ന് ചെയ്തിരുന്നുവോ മറ്റൊരാൾക്ക് അതിൽ ദൃഢവിശ്വാസമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല." (അതേഗ്രന്ഥം പേജ് 127)

അദ്ദേഹം പറയുന്നു: "അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഓരോ സംഭവങ്ങളും അദ്ദേഹത്തെ യഥാർഥ്യവാദിയും (realist-വസ്തുതകളെ യാഥാർഥ്യബോധത്തടെ നേരിടുന്നയാൾ) ആവേശഭരിതനുമായി സ്ഥാപിച്ചു കാണിക്കുന്നതാണ്. അദ്ദേഹം തന്റെ അംഗീകൃത വിശ്വാസങ്ങളുടേയും വീക്ഷണങ്ങളുടേയും പരമപദംവരെ എത്താൻ പതുക്കപ്പെതുക്കെ, വിഷമങ്ങൾ സഹിച്ച് ശ്രമിക്കുന്നു."(അതേ ഗ്രന്ഥം പേജ് 127)

## കലാമുൽ ഇമാം:-

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:-

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 07 December 2017 Issue-49

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

വീണ്ടും പറയുന്നു: "അറേബ്യൻ ജനതയ്ക്ക് മാറ്റത്തിന്റെ ആവശ്യമുണ്ടായിരുന്നുവെന്നു പറയുക, അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പുതിയ പ്രവാചകന്റെ വെളിപ്പെടലിനുള്ള സമയം വന്നിരുന്നുവെന്ന് പറയുക, അങ്ങനെയാണെങ്കിൽ ഹദ്റത്ത് മുഹമ്മദുതന്നെ എന്തുകൊണ്ട് 'ആ പ്രവാചകൻ' ആയിക്കൂടാ? ഈ വിഷയത്തിൽ വർത്തമാനകാല എഴുത്തുകാരൻ 'സ്പ്രിംഗർ' സ്ഥാപിച്ചിട്ടുള്ളത്, ഹദ്റത്ത് മുഹമ്മദ് വരുന്നതിനു വർഷങ്ങൾക്കു മുമ്പേ ഒരു പ്രവാചകൻ വരുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നു, പ്രവചനവുമുണ്ടായിരുന്നുവെന്നാണ്. (അതേ ഗ്രന്ഥം പേജ് 133)

തുടർന്നും ബോസ്‌വർത് (Bosworth) വിവരിക്കുന്നു: "മൊത്തത്തിൽ നോക്കിയാൽ ഹദ്റത്ത് മുഹമ്മദ്(സ)വിവിധ അവസ്ഥകളിൽ എത്രമാത്രം മാറിയിരുന്നുവെന്നതിൽ എനിക്ക് അത്ഭുതമൊന്നുമില്ല. മറിച്ച് അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തിൽ വളരെ കുറച്ചു മാറ്റമേ ഉണ്ടായിട്ടുള്ളുവെന്നതാണ് അത്ഭുതം! മരുഭൂമിയിൽ ആടുമേയ്ച്ചു നടക്കുന്ന നാളുകളിൽ, ശാമിലെ കച്ചവടക്കാരൻ എന്ന നിലയിൽ, ഹിറാഗുഹയിലെ തപോയജ്ഞത്തിന്റെ നാളുകളിൽ, ന്യൂനപക്ഷ സംഘടനയുടെ പരിവർത്തനകാരി എന്ന നിലയിൽ, മദീനയിൽ നാടുകടത്തപ്പെട്ട നാളുകളിൽ, ഒരു അംഗീകൃതവിജയി എന്ന നിലയിൽ, യൂനാനീ രാജാക്കന്മാരുടേയും ഇറാനീ ഹിർക്കൽമാരുടേയും സമനിലക്കാരൻ എന്ന നിലയിൽ നമുക്ക് അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തിൽ അചഞ്ചല സ്ഥൈര്യത്തിന്റെ അസാധാരണ ദൃശ്യം കാണാൻ സാധിക്കുന്നതാണ്." പറയുന്നു: "മറ്റൊരു മനുഷ്യന്റെ പുറത്തുകാണുന്ന അവസ്ഥകൾ ഇത്രയധികം മാറിയാലും ഒരിക്കലും അയാളുടെ വ്യക്തിത്ത്വത്തിൽ ഇത്ര മാത്രം കുറവായിട്ടുള്ള മാറ്റം പ്രകടമാകുമെന്ന് എനിക്കു തോന്നുന്നില്ല. ഹദ്റത്ത് മുഹമ്മദ്(സ)ന്റെ പുറത്തുകാണുന്ന അവസ്ഥകൾ മാറിക്കൊണ്ടിരുന്നു. എന്നാൽ, ഈ എല്ലാ അവസ്ഥകളിലും എനിക്ക് അദ്ദേഹത്തിന്റെ വ്യക്തിത്ത്വമുണ്ടല്ലോ, അത് ഒരേ പോലെയാണ് കാണാൻ കഴിയുന്നത്.(അതേ ഗ്രന്ഥം പേജ് 133)

വാഷിംങ്ടൺ ഇർവിങ് (Washington Irving)ലൈഫ് ഓഫ് മഹോമറ്റ് (Life of Mahomet) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: "അദ്ദേഹത്തിന്റെ യുദ്ധവിജയങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ അഹങ്കാരമോ ദുരഭിമാനമോ ഉണ്ടാക്കിയില്ല. ഈ വിജയങ്ങളിൽ വ്യക്തി താൽപര്യം എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ അത് തീർച്ചയായും അദ്ദേഹത്തിൽ കാണുമായിരുന്നു. ഏറ്റവും ദുർഘടമായ ഘട്ടത്തിലും തന്റെ ശക്തിയുടെ മേന്മയും തന്റെ ശീലങ്ങളും മുഖഭാവങ്ങളും ഒരേ ലാവണ്യത്തോടെ നിലനിറുത്തി; എത്രമാത്രമെന്നുവച്ചാൽ തന്റെ രാജകീയ ജീവിതത്തിൽ പോലും. ആരെങ്കിലും അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചാൽ, അനൗപചാരികമായി ആദരവ് കാണിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല."

(Washington Irving. The Life of Mahomet. Bernard Tauchnitz,. Leipzig.pp.272-3(1850))

സർ വില്യം മൂയർ (Sir William Muir) ലൈഫ് ഓഫ് മഹോമറ്റ് (Life of Mahomet) എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു: "അദ്ദേഹം തന്റെ എല്ലാ പ്രവർത്തിയും പൂർത്തിയാക്കുമായിരുന്നു. ഏതു ജോലി ഏറ്റെടുത്താലും മുഴവിപ്പിക്കാത്തിടത്തോളം അത് വിട്ടുകളയുമായിരുന്നില്ല. സാമൂഹികമായ ഇടപഴലുകളിലും അദ്ദേഹത്തിന്റെ രീതി ഇതു തന്നെയായിരുന്നു. ആരോടെങ്കിലും സംസാരിക്കാൻ അദ്ദേഹം തിരിഞ്ഞാൽ പകുതിയല്ല, മുഴുവൻ ശരീരവും ആ വ്യക്തിയിലേക്ക് തിരിക്കുമായിരുന്നു. കൈകൊടുത്താൽ കൊടുക്കപ്പെട്ടയാൾ പിൻവലിക്കാതെ കൈ പിൻവലിച്ചിരുന്നില്ല. ഇപ്രകാരംതന്നെ ഏതെങ്കിലും അപരിചിതനുമായി സംസാരിക്കുമ്പോൾ ഇടയ്ക്കുവച്ചു നിറുത്തി അടുത്തയാളുടെ സംസാരം കേൾക്കാനിഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ കുടുംബപരമായ ലാളിത്യം എപ്പോഴും അതിജയിച്ചുനിന്നു. ഓരോ ജോലിയും അദ്ദേഹം സ്വയം ചെയ്തിരുന്നു. സ്വന്തം കൈകൊണ്ടാണ് ദാനം കൊടുത്തിരുന്നത്. വീട്ടുജോലികളിൽ ഭാര്യമാരെ സഹായിക്കുമായിരുന്നു."

വീണ്ടും പറയുന്നു: "നദി അതിന്റെ കരയുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ് സകല വ്യക്തികൾക്കും അദ്ദേഹവുമായിട്ടുള്ള ബന്ധം. പുറംദേശത്തുനിന്ന് വരുന്ന സംഘങ്ങളെ ആദരവോടും ബഹുമാനത്തോടുംകൂടി സ്വാഗതം ചെയ്തിരുന്നു. ആ സംഘങ്ങളുടെ വരവിൽനിന്നും മറ്റു ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ച ചരിത്രത്തിൽനിന്നും സ്ഥാപിതമാകുന്നത് മുഹമ്മദിന്റെ ഉള്ളിൽ യോഗ്യനായ ഒരു ഭരണാധികാരിയുടെ സകല കഴിവുകളും ഉണ്ടായിരുന്നുവെന്നാണ്. ഏറ്റവും അത്ഭുതകരമായ കാര്യം അദ്ദേഹത്തിന് എഴുതാൻ അറിയില്ലായിരുന്നു എന്നതാണ്."

വീണ്ടും പറയുന്നു: "അദ്ദേഹം തന്റെ ഏറ്റവും നിസ്സാരനായ അനുയായിയോടുപോലും പുലർത്തിപോന്ന സൽപെരുമാറ്റവും മനോഭാവവുമായിരുന്നു അദ്ദേഹത്തിന്റെ ഒരു പ്രധാനപ്പെട്ട ഗുണം, ലജ്ജ, അനുകമ്പ, ക്ഷമ, ദാനശീലത, വിനയം, ഇവയെല്ലാം അദ്ദേഹത്തിന്റെ സ്വഭാവങ്ങളുടെ വ്യക്തമായ ഭാഗങ്ങളായിരുന്നു. ഇക്കാരണത്താൽ അദ്ദേഹം തന്റെ പരിസ്ഥിതിയിൽ ഓരോ വ്യക്തിയേയും തന്നിലേക്ക് ആസക്തനാക്കിയിരുന്നു. നിഷേധം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഏതെങ്കിലും യാചകന്റെ ആവശ്യം നിറവേറ്റാൻ കഴിഞ്ഞില്ലെങ്കിൽ മൗനം പാലിക്കുമായിരുന്നു. അദ്ദേഹം ആരുടെയെങ്കിലും ക്ഷണം നിരസിച്ചതായി ഒരിക്കലും കേട്ടിട്ടില്ല; ക്ഷണിച്ചയാൾ എത്ര നിസ്സാരനാണെങ്കിലും. ആരെങ്കിലും ഉപഹാരം നല്കിയാൽ അതു മടക്കിയ ചരിത്രമില്ല; എത്ര ചെറിയ ആളാണെങ്കിൽപോലും. അദ്ദേഹത്തിന്റെ ആശ്ചര്യകരമായൊരു ഗുണവിശേഷം, അദ്ദേഹത്തിന്റെ സദസ്സിലിരിക്കുന്ന ഓരോ വ്യക്തിയും ധരിച്ചിരുന്നത് താൻതന്നെയാണ് മുഖ്യാതിഥി എന്നായിരുന്നു. ഒരാൾക്കുണ്ടായ വിജയത്തിൽ അയാൾ സന്തോഷിക്കുന്നത് കണ്ടാൽ അത്യുത്സാഹത്തോടെ ഹസ്തദാനം ചെയ്യുകയും ആശ്ലേഷിക്കുകയും ചെയ്യുമായിരുന്നു. അവകാശം നിഷേധിക്കപ്പെട്ടവരോടും ബുദ്ധിമുട്ടുകളിൽ അകപ്പെട്ടവരോടും അങ്ങേയറ്റം വിനയത്തോടെ സഹതാപം പ്രകടിപ്പിച്ചിരുന്നു. കുട്ടികളോടു അതീവവാത്സല്യത്തോടെ പെരുമാറി. വഴിയിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് സലാം പറയുന്നതിൽ ഒരു നാണക്കേടും കാണിച്ചിരുന്നില്ല. ക്ഷാമകാലത്ത് മറ്റുള്ളവരേയും തന്റെ ഭക്ഷണത്തിൽ പങ്കാളികളാക്കിയിരുന്നു. ഓരോരുത്തരുടേയും ജീവിതം സുഗമമാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ശാന്തഭാവവും കൃപാവായ്പും അദ്ദേഹത്തിന്റെ സ്വഭാവങ്ങളിലെല്ലാം തെളിഞ്ഞുകാണാമായിരുന്നു. കൂറുപുലർത്തുന്ന സുഹൃത്തായിരുന്നു മുഹമ്മദ്(സ). അദ്ദേഹം അബൂബക്കറിനെ സ്വസഹോദരനെക്കാളധികം സ്നേഹിച്ചു. അലിയോട് പിതൃസ്ഥാനീയനെപ്പോലെ അനുകമ്പ കാണിച്ചു. മോചിതനായ അടിമ സയ്ദിനോട് ആ കരുണാവാനായ നബിക്ക് എത്രമാത്രം ബന്ധമായിരുന്നുവെന്നുവച്ചാൽ, അയാൾ തന്റെ പിതാവിനോടൊപ്പം പോകുന്നതിനു പകരം മക്കയിൽ താമസത്തിന് മുൻഗണന നല്കി. തന്റെ മേൽനോട്ടക്കാരന്റെ കോന്തല പിടിച്ചുകൊണ്ട് സയ്ദ് പറഞ്ഞു:'ഞാൻ അങ്ങയെ വിട്ടു പോകില്ല. അങ്ങ് തന്നെയാണ് എന്റെ പിതാവും മാതാവും!' ഈ സുഹൃത് ബന്ധം സയ്ദിന്റെ മരണംവരെ നിലനിന്നു. പിന്നീട് സയ്ദിന്റെ മകൻ ഉസാമയോടും അവന്റെ പിതാവു കാരണത്താൽ അദ്ദേഹം എപ്പോഴും വാത്സല്യത്തോടെ പെരുമാറി. ഉഥ്മാനും ഉമറും അദ്ദേഹത്തോട് ഒരു പ്രത്യേക ബന്ധം വച്ചുപുലർത്തിയിരുന്നു. അദ്ദേഹം ഹുദയ്ബിയ എന്ന സ്ഥലത്ത്, 'ബയ്അതുർരിള്‌വാൻ' - അനുസരണ പ്രതിജ്ഞയെടുക്കുന്നനേരത്ത് ശത്രുക്കളാൽ വളയപ്പെട്ട തന്റെ ജാമാതാവിന്റെ പ്രതിരോധത്തിന്നായി ജീവൻ ബലിയർപിക്കാൻ സന്നദ്ധനാണെന്ന് ചെയ്ത പ്രതിജ്ഞ, ആ സത്യസന്ധമായ സുഹൃത് ബന്ധത്തിന്റെ ഒരു മകുടോദാഹരണമാണ്. മുഹമ്മദ്(സ)ന്റെ അചഞ്ചലമായ സ്നേഹം എടുത്തുദ്ധരിക്കാൻ പറ്റിയ വേറെയും ധാരാളം സംഭവങ്ങളുണ്ട്. ഒരവസരത്തിലും ആ സ്നേഹം അസ്ഥാനത്തായിരുന്നില്ല. പ്രത്യുത എല്ലാ സംഭവങ്ങളും അത്യുത്സാഹത്തോടെയുള്ള സ്നേഹത്തിന്റെ കണ്ണാടിയാണ്.

വീണ്ടും എഴുതുന്നു: "തന്റെ ശക്തിയുടെ ഉന്നതിയിലും അദ്ദേഹം ന്യായാധിപനും നീതിമാനുമായിരുന്നു. തന്റെ വാദത്തെ സന്തോഷത്തോടുകൂടി സ്വീകരിക്കാൻ തയ്യാറായ ശത്രുക്കളോടും അലിവുകാണിക്കുന്നതിൽ അദ്ദേഹം ഒരു കുറവും വരുത്തിയില്ല. മക്കക്കാരുടെ ക്രൂരവും അക്രമപരവുമായ പെരുമാറ്റം നോക്കുമ്പോൾ മക്കാവിജയി തന്റെ അമർഷവും കോപവും തീർക്കാൻ തീകൊണ്ടും ചോരകൊണ്ടും ഹോളി കളിക്കേണ്ടതായിരുന്നു. പക്ഷേ, മുഹമ്മദ്(സ) അല്പം ചില കുറ്റവാളികളൊഴിച്ച് എല്ലാവർക്കും പൊതുമാപ്പ് പ്രഖ്യാപിച്ചു. ഭൂതകാലത്തെ കയ്പു നിറഞ്ഞ എല്ലാ ഓർമകളും ഒന്നിച്ചു മറന്നു. അവരുടെ എല്ലാ പരിഹാസവും അപകീർത്തിപ്പെടുത്തലും അക്രമവും ദ്രോഹവും ഒക്കെയുണ്ടായിട്ടും അദ്ദേഹം തന്റെ ബദ്ധവൈരിയോടുപോലും നന്മയോടെ പെരുമാറി. മദീനയിൽ അബ്ദുല്ലായും മറ്റുവ്യതിചലിച്ചുപോയ കൂട്ടുകാരും -അവർ വർഷങ്ങളായിട്ട് അദ്ദേഹത്തിന്റെ പ്രവർത്തനപദ്ധതികളിൽ തടസ്സമുണ്ടാക്കുകയും അദ്ദേഹത്തിന്റെ ഭരണത്തിൽ ഛിദ്രതയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടും അവർക്കെല്ലാം മാപ്പുകൊടുത്തതും തെളിമയാർന്നൊരു ഉദാഹരണമാണ്. തന്റെ മുമ്പിൽ തലതാഴ്ത്തിയിരിക്കുന്ന ഗോത്രങ്ങളോടും -അവരാണെങ്കിൽ മക്ക വിജയത്തിനു മുമ്പേ കഠിനമായി എതിർത്തുകൊണ്ടിരുന്നവരാണ് - അലിവോടെ പെരുമാറി."

(Sir William Muir. Life of Muhammad(Volume IV). Smith, Elder and Company.,London.pp.303-307 (1861))

അദ്ദേഹം എഴുതുന്നു: "മുഹമ്മദിന്റെ സത്യത്തെ പിന്തുണയ്ക്കുന്ന ഒരടയാളമായിരുന്നു, ആരെല്ലാമായിരുന്നോ അദ്ദേഹത്തെ തുടക്കത്തിൽ വിശ്വസിച്ചിരുന്നത് അവരെല്ലാം ഉത്തമ സ്വഭാവ വൈശിഷ്ട്യങ്ങളുടെ ഉടമസ്ഥരായിരുന്നുവെന്നത്. എന്നല്ല അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തിനും കുടുംബാംഗങ്ങൾക്കും- അവരെല്ലാം അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെ കുറിച്ച് നല്ലവണ്ണം അറിയുന്നവരായിരുന്നു- പൊതുവെ കപടനും വഞ്ചകനുമായിട്ടുള്ളവന്റെ വീട്ടിലും പുറത്തുമുള്ള പെരുമാറ്റ ത്തിൽ വൈരുധ്യം കാണുന്നതുപോലെ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കാണാൻ കഴിഞ്ഞില്ല."

(Sir William Muir. Life of Muhammad(Volume II ). Smith, Elder and Company.,London.pp.97-8 (1861))

സർ തോമസ് കാർലയ്ൻ (Sir Thomas Carlyle) നബി (സ)തിരുമേനി നിരക്ഷരൻ എന്നതിനെ സംബന്ധിച്ചെഴുതുന്നു: "അദ്ദേഹത്തിന് ഏതെങ്കിലും മദ്രസയിൽനിന്ന് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല എന്ന കാര്യം നാമൊരിക്കലും വിസ്മരിക്കാൻ പാടില്ല. ഇതിനെ നാം സ്കൂൾ പഠനം (School learning) എന്നാണ് പറയുന്നത്. അതൊന്നുമുണ്ടായിരുന്നില്ല. എഴുത്തുകല അറേബ്യയിൽ തികച്ചും പുതിയതായിരുന്നു. മുഹമ്മദിന്(സ)ഒരിക്കലും സ്വയം എഴുതാൻ കഴിഞ്ഞിരുന്നില്ല എന്ന അഭിപ്രായം തികച്ചും സത്യമായിട്ട് മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ എല്ലാ വിദ്യാഭ്യസവും മരുഭൂമിയിലെ താമസത്തിന്റേയും അതിലെ അനുഭവങ്ങളുടേയും ചുറ്റും വലംവച്ചുള്ളതാണ്. അതിരില്ലാത്ത ഈ പ്രപഞ്ചവും ഇരുട്ടുകൾ നിറഞ്ഞ തന്റെ നാടും, തന്റെ സ്വന്തം ബാഹ്യമായ കണ്ണുകളും ചിന്തകളും കൊണ്ട് അദ്ദേഹത്തിനെന്താണ് കരസ്ഥമാക്കുവാൻ കഴിയുമായിരുന്നത്? നോക്കുമ്പോൾ ഗ്രന്ഥങ്ങളും ലഭ്യമല്ലായിരുന്നുവെന്നതാണ് ഏറെ അത്ഭുതം! അറേബ്യയിലെ ഇരുൾമുറ്റിയ മരുഭൂമിയിൽ കേട്ടറിഞ്ഞ കാര്യങ്ങളും താൻ വ്യക്തിപരമായി കണ്ടറിഞ്ഞിട്ടുള്ളതുമല്ലാതെ അദ്ദേഹത്തിന് ഒരറിവുമുണ്ടായിരുന്നില്ല. മുമ്പേ നിലനിന്നുവന്നിരുന്ന തത്ത്വജ്ഞാനപരമായ കാര്യങ്ങളോ അല്ലെങ്കിൽ അറേബ്യയ്ക്കുപുറമേ മറ്റു നാടുകളിൽ ഉണ്ടായിരുന്ന തത്ത്വജ്ഞാനപരമായ കാര്യങ്ങളോ അദ്ദേഹം വരെ എത്താത്ത കാരണത്താൽ അതൊന്നും അദ്ദേഹത്തിന് ഇല്ലാത്തതിന് തുല്യമായിരുന്നു. ഭരണാകർത്താക്കളോ മതപണ്ഡിതന്മാരോ ആരുംതന്നെ ഈ മഹാനായ മനുഷ്യനുമായി നേരിട്ട് സംസാരിച്ചിട്ടില്ല. അദ്ദേഹം ആ മരുഭൂമിയിൽ തികച്ചും തനിച്ചായിരുന്നു. അങ്ങനെയാണ് അദ്ദേഹം ദിവ്യശക്തിയുടേയും തന്റെ ചിന്തകളുടേയും അച്ചുതണ്ടിൽ അഭിവൃദ്ധിപ്പെട്ടതും."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.47 (1846))

അദ്ദേഹത്തിന്റെ വിവാഹത്തേയും കുടുബപരമായ ബന്ധങ്ങളേയും കുറിച്ചെഴുതുന്നു: "അദ്ദേഹം എങ്ങനെയാണ് ഖദീജയുടെ കൂട്ടുകാരനായത്? സമ്പന്നയായ ഒരു വിധവയുടെ തൊഴിൽപരമായ കാര്യങ്ങളുടെ മാനേജരായത്? യാത്രചെയ്ത് ശാമിലെ കച്ചവടചന്തയിൽ എങ്ങനെയാണ് പങ്കെടുത്തത്? എങ്ങനെയാണ് ഇതെല്ലാം അദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞത്? അദ്ദേഹം ഇതെല്ലാം അങ്ങേയറ്റം ആത്മാർഥതയോടും സാമർഥ്യത്തോടുംകൂടിയാണ് ചെയ്തതെന്ന് എല്ലാവർക്കും നല്ലവണ്ണം അറിയാം. ഖദീജയുടെ(റ) മനസ്സിൽ അദ്ദേഹത്തോട് ആദരവും നന്ദിയും എങ്ങനെയുണ്ടായി? അവർ രണ്ടുപേരുടേയും വിവാഹത്തിന്റെ വർണന അത് അറേബ്യൻ എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. വളരെ മനോഹരവും ചിന്താർഹവുമാണത്. മുഹമ്മദിന്റെ പ്രായം 25 വയസ്സായിരുന്നു; ഖദീജയുടേത് നാല്പതും."

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin